


# യേശുക്രിസ്തു ദൈവമോ?

www.malankaralibrary.com


LORD
HOLY
HOLY
SON
CHRIST
MESSIAH
KING
KING
PRIEST
TRUTH
CHRIST
SON
LORD
LORD
MEDIATOR
MEDIATOR
REDEEMER
PRIEST
TRUTH
HOLY
SON
MESSIAH
CHRIST
PRIEST
TRUTH
SON

വെളി 5,5



# യേശുക്രിസ്തു ദൈവമോ?

നാം ഒരു പ്രയാണം ആരംഭിക്കുകയാണ്. ഒരുപാടു പേരുടെ ചോദ്യങ്ങൾക്കും സംശയങ്ങൾക്കും ഉത്തരം തേടിയുള്ള ഒരു യാത്ര. ഈ യാത്രയിൽ നമുക്കുമുമ്പിൽ 'ചോദ്യങ്ങൾ' ഇല്ല; ഒരൊറ്റ ചോദ്യം മാത്രം – കാലാകാലങ്ങളായി ഏതു വ്യക്തിയെയും തേടിയെത്തിയിട്ടുള്ള, ഇനിയും തേടിയെത്താൻ സാധ്യതയുള്ള ആ ഒരു ചോദ്യം: "ആരാണ് യേശുക്രിസ്തു?"

ഈ ചോദ്യത്തിനുള്ള ഉത്തരം – അതുമാത്രമായിരിക്കും നാം ഇവിടെ ലക്ഷ്യംവയ്ക്കുന്നത്. ക്രിസ്താന്വേഷണപാത വളച്ചൊടിക്കാൻ ബോധപൂർവകമായ ശ്രമങ്ങൾ നടത്തുന്ന സക്കീർ നായിക്കുമാരുടെയും ഗോപാലകൃഷ്ണന്മാരുടെയും ഇടമറുകുകളുടെയും ലോകത്തിൽ ഇടറിവീഴാതിരിക്കാനായി ഞങ്ങളോടൊപ്പം ഈ യാത്രയിൽ നിങ്ങൾക്കും പങ്കുചേരാം.

## ആരാണ് യേശുക്രിസ്തു?

കേൾക്കുമ്പോൾ നിസ്സാരമോ അപ്രസക്തമോ ആയി തോന്നിയേക്കാവുന്ന ഒരു ചോദ്യം! എന്നാൽ, കഴിഞ്ഞ രണ്ടായിരം വർഷമായി ഈ ചോദ്യം എങ്ങും എപ്പോഴും ഉയരുന്നുണ്ട്. ഈ ചോദ്യം ചരിത്രത്തിൽ ആദ്യമായി മുഴങ്ങിക്കേട്ടത് യേശുവിന്റെ നാവിൽനിന്നുതന്നെയാണ്: "ഞാൻ ആരാണ് എന്നാണ് ജനങ്ങൾ പറയുന്നത്?" (മത്താ 16,13). ക്രിസ്തുവിന്റെ ഈ ചോദ്യത്തിനു ലഭിച്ച ഉത്തരങ്ങൾ വ്യത്യസ്തങ്ങളായിരുന്നു (മത്താ 16,14). തന്നെക്കുറിച്ചുള്ള ജനങ്ങളുടെ അഭിപ്രായം മനസ്സിലാക്കിയ ക്രിസ്തു അതേ ചോദ്യം തന്റെ ശിഷ്യസമൂഹത്തോടും ചോദിച്ചു (മത്താ 16,15). യേശുവിന്റെ പ്രബോധനങ്ങളും പ്രവർത്തനങ്ങളും കേട്ടും കണ്ടും അദ്ഭുതസ്തബ്ധരായ അനേകർ പലപ്പോഴായി ചോദിച്ചു: 'ആരാണിവൻ?' (മത്താ 21,10; ലൂക്കാ 5,21; 7,19.49; 8,25; 9,9).

ഇന്നും ഈ ചോദ്യം മനുഷ്യർക്കു പ്രിയങ്കരമാണ്. എന്നാൽ ഇതിന് പല കോണിൽ നിന്നുയരുന്ന ഉത്തരങ്ങളോ, വ്യത്യസ്തങ്ങളും! ഏതാണ് പൂർണമായ ഉത്തരം? വാസ്തവത്തിൽ, ആരാണ് യേശുക്രിസ്തു? അന്നും ഇന്നും അവന്റെ ശിഷ്യർക്ക് പറയുവാൻ ഒറ്റ ഉത്തരമേയുള്ളൂ: 'അവിടന്ന് ദൈവമാണ്, ദൈവപുത്രനാണ്'. എന്തുകൊണ്ടാണ് ലോകത്തിന്റെ വ്യത്യസ്തമായ ഉത്തരങ്ങൾക്കിടയിലും ക്രിസ്തുശിഷ്യർ അന്നും ഇന്നും ഒരേ ഉത്തരത്തിൽ ഉറച്ചുനില്ക്കുന്നത്? നമുക്ക് കണ്ടെത്താം.



www.malankaralibrary.com

## യേശുക്രിസ്തു
# ദൈവമോ?

**ബൈബിളിൽ • സഭാപിതാക്കന്മാരിൽ • സഭാപ്രബോധനങ്ങളിൽ**



1 യേശു എന്ന ചരിത്രപുരുഷൻ ................. 5
2 യേശു എന്ന മനുഷ്യൻ ........................ 7
3 യേശു എന്ന പ്രവാചകൻ ...................... 8
4 യേശു പ്രവാചകനും ഉപരി .................. 12
5 കാലം കാത്തിരുന്ന മിശിഹാ .................. 15
6 യേശു ദൈവപുത്രൻ ......................... 17
7 യേശുക്രിസ്തു സത്യദൈവം ................. 22

ചോദ്യങ്ങളും അവയ്ക്കുള്ള മറുപടികളും ....... 24




www.malankaralibrary.com

01



# യേശു എന്ന ചരിത്രപുരുഷൻ

ജൂലിയസ് സീസർ (ബി.സി.100-144) മഹാനായ ഒരു റോമൻ ജനറലും ഗ്രന്ഥകാരനും ആയിരുന്നു. ആ കാലഘട്ടത്തിൽ ജീവിച്ചിരുന്ന ഏറ്റവും ചരിത്രപ്രാധാന്യമുള്ള വ്യക്തിയും അദ്ദേഹംതന്നെ ആയിരുന്നിരിക്കണം. ജൂലിയസ് സീസറിന്റെ മരണത്തിന് തൊട്ടുശേഷമുള്ള 150 വർഷങ്ങൾക്കുള്ളിൽ ഗ്രന്ഥരചനനടത്തിയ 5 വ്യത്യസ്ത ഗ്രന്ഥകാരന്മാർ തങ്ങളുടെ കൃതികളിൽ അദ്ദേഹത്തെപ്പറ്റി പരാമർശിക്കുന്നുണ്ട്. യേശുവിന്റെ പരസ്യജീവിതകാലത്ത് വിശാലമായ റോമാ സാമ്രാജ്യത്തിന്റെ ചക്രവർത്തിയായിരുന്നു തിബേരിയൂസ് സീസർ. തിബേരിയൂസ് സീസറിന്റെ മരണത്തിന് തൊട്ടുശേഷമുള്ള 150 വർഷങ്ങൾക്കുള്ളിൽ ഗ്രന്ഥരചനനടത്തിയ 10 വ്യത്യസ്ത ഗ്രന്ഥകാരന്മാർ തങ്ങളുടെ കൃതികളിൽ അദ്ദേഹത്തെപ്പറ്റി പരാമർശിക്കുന്നു. എന്നാൽ യേശുക്രിസ്തുവിന്റെ മരണോത്ഥാനങ്ങൾക്കു തൊട്ടുശേഷമുള്ള 150 വർഷങ്ങൾക്കുള്ളിൽ ഗ്രന്ഥരചനനടത്തിയ 42 വ്യത്യസ്ത ക്രൈസ്തവ-അക്രൈസ്തവ ഗ്രന്ഥകാരന്മാർ തങ്ങളുടെ കൃതികളിൽ യേശുവിനെപ്പറ്റി പരാമർശിക്കുന്നുണ്ട്!


www.malankaralibrary.com

യേശുവിന്റെ ജനനം ലോകചരിത്രത്തെത്തന്നെ എ.ഡി. എന്നും ബി.സി. എന്നും രണ്ടായി വിഭജിച്ചു. എങ്കിലും ഇപ്പോഴും ഏതോ ഒരു ഇതിഹാസത്തിലെ കഥാപുരുഷൻ എന്ന രീതിയിലോ മിത്ത് എന്ന രീതിയിലോ ചിലരെങ്കിലും അവിടത്തെ പരാമർശിക്കാറുണ്ട്. യേശുവിന്റെ ഈ ലോകജീവിതത്തെക്കുറിച്ച് നമുക്ക് അറിവുതരുന്ന ഏറ്റവും പ്രധാനപ്പെട്ട ഗ്രന്ഥം ബൈബിൾ, പുതിയനിയമമാണ്. എന്നാൽ ബൈബിളുമായി ബന്ധപ്പെട്ട ചർച്ചകളിലേക്ക് പ്രവേശിക്കുന്നതിനുമുമ്പ് തികച്ചും അക്രൈസ്തവമായ ചില രേഖകളെ പരാമർശിച്ചുകൊള്ളട്ടെ.

പ്രധാനപ്പെട്ട അക്രൈസ്തവ ചരിത്രകാരന്മാരായ ജോസെഫൂസ് ഫ്ളാവിയൂസ് (എ.ഡി. 37-100), കൊർണേലിയൂസ് റ്റാസിറ്റസ് (എ.ഡി. 55-120), പ്ലീനി (എ.ഡി. 61-113), സുവെത്തോണിയൂസ് (എ.ഡി. 70-140), താലോസ് (എ.ഡി. 50), ഫ്ളീഗൺ (എ.ഡി. 100) എന്നിവരുടെ രേഖകളിൽ യേശുവിനെക്കുറിച്ചു പരാമർശമുണ്ട്. മാരാബാർ സെറാപ്പിയോൻ യേശുവിനെ ‘യഹൂദരുടെ ജ്ഞാനിയായ രാജാവ്’ എന്നു വിശേഷിപ്പിക്കുമ്പോൾ, സമോസാറ്റായിലെ ലൂചിയൻ (എ.ഡി. 115-200), ചെൽസൂസ് എന്നിവർ യേശുവിനെ പരിഹസിച്ചുകൊണ്ടും വിമർശിച്ചുകൊണ്ടുമാണ് എഴുതുന്നത്. ഇതിനും പുറമേ, താൽമൂദ്, തൊലെദോത്ത് യേഷുവ തുടങ്ങിയ ആദ്യകാല യഹൂദരേഖകളിലും യേശുവിനെഅപകീർത്തിപ്പെടുത്തിക്കൊണ്ടുള്ള പരാമർശങ്ങൾ കാണാം.

മേല്പറഞ്ഞ അക്രൈസ്തവഗ്രന്ഥകാരന്മാരുടെ എഴുത്തുകളിൽനിന്ന് യേശുവിനെക്കുറിച്ച് ഗ്രഹിക്കാവുന്ന കാര്യങ്ങൾ: (1) തന്റെ ജീവിതകാലത്ത് യേശു അദ്ഭുതങ്ങൾ പ്രവർത്തിച്ചിരുന്നു; (2) അനേകമാളുകളെ യേശു തന്നിലേക്കാകർഷിച്ചു; (3) തിബേരിയൂസ് ചക്രവർത്തിയുടെ കാലത്ത് യൂദയായുടെ പ്രൊക്യൂറേറ്റർ ആയിരുന്ന പീലാത്തോസ് യേശുവിനെ മരണത്തിനു വിധിച്ചു; (4) യേശു മരിച്ച സമയത്ത് ഭൂമിമുഴുവൻ അന്ധകാരം ഉണ്ടായി; (5) മരണശേഷം മൂന്നാം ദിവസം യേശു ഉയിർത്തെഴുന്നേറ്റു; (6) ഒന്നാം നൂറ്റാണ്ടിൽത്തന്നെ യേശു ദൈവമായി ആരാധിക്കപ്പെട്ടിരുന്നു.

02



# യേശു എന്ന മനുഷ്യൻ

സാധാരണക്കാരിയായ ഒരു യഹൂദ പെൺകുട്ടിയിൽനിന്നു ജനിച്ച, (മത്താ 1,16) ഒരു തച്ചന്റെ സംരക്ഷണത്തിൽ വളർന്ന, നസ്രത്തിൽ ജീവിച്ച (മത്താ 13,55), അസാമാന്യ ബുദ്ധി ശക്തിയുള്ള (ലൂക്കാ 2,47), സാധാരണക്കാരനായ ഒരു മനുഷ്യനായിരുന്നു യേശു. പാപം ഒഴികെ (യോഹ 8,46) മറ്റെല്ലാറ്റിലും ഏതൊരു മനുഷ്യനെയുംപോലെ ആയിരുന്നു അവിടന്ന്. 'വചനം മാംസമായി' എന്ന പ്രയോഗമാണ് ആ മനുഷ്യാവതാരം സൂചിപ്പിക്കാൻ യോഹന്നാൻസുവിശേഷകൻ ഉപയോഗിച്ചിരിക്കുന്നത്. യേശു സ്വയം മനുഷ്യനെന്നു വിശേഷിപ്പിക്കുന്നത് യോഹ 8,40-ൽ കാണാം: "എന്നാൽ, ദൈവത്തിൽനിന്നു കേട്ട സത്യം നിങ്ങളോടു പറഞ്ഞ മനുഷ്യനായ എന്നെ കൊല്ലാൻ നിങ്ങൾ ആലോചിക്കുന്നു" (പിഒസി പരിഷ്കരിച്ച പതിപ്പ്) ദൈവത്തിൽനിന്ന് പ്രത്യേക അധികാരങ്ങൾ ലഭിച്ച മനുഷ്യനായി ജനങ്ങൾ അവിടത്തെ കണക്കാക്കിയിരുന്നു (മത്താ 9,8). അവിടത്തെ പ്രവൃത്തികൾ കണ്ടവർ അദ്ഭുതപ്പെട്ടു; വാക്കുകൾ കേട്ടവർ വിസ്മയിച്ചു (മത്താ 7,28.29). യേശുവിനെതച്ചന്റെ മകനെന്നു വിശേഷിപ്പിച്ചവരും (മത്താ 13,55) തച്ചനായി പരിഗണിച്ചവരും (മർക്കോ 6,3) പരസ്പരം ചോദിച്ചു: "ഇവന് ഈ ജ്ഞാനവും ശക്തിയും എവിടെനിന്ന്?" (മത്താ 13,54; മർക്കോ 6,2). ദിനങ്ങൾ കടന്നുപോകുന്തോറും അവിടത്തെ ഒരു സാധാരണ മനുഷ്യനായി കാണാൻ സമൂഹത്തിനു കഴിയാതെവന്നു. അവിടത്തെ സാന്ത്വനം ഏറ്റുവാങ്ങിയവർ വിളിച്ചുപറഞ്ഞു: "ഒരു വലിയ പ്രവാചകൻ നമ്മുടെയിടയിൽ ഉദയംചെയ്തിരിക്കുന്നു. ദൈവം തന്റെ ജനത്തെ സന്ദർശിച്ചിരിക്കുന്നു" (ലൂക്കാ 7,16). അങ്ങനെക്രമേണ, ജനമനസ്സ് യേശുവിനെ ഒരു പ്രവാചകനായി കരുതാൻ തുടങ്ങി.


www.malankaralibrary.com



03

# യേശു എന്ന പ്രവാചകൻ

താൻ പ്രവാചകനാണെന്ന് യേശുതന്നെ അംഗീകരിക്കുന്നത് അവിടത്തെ വാക്കുകളിൽനിന്നുതന്നെ നമുക്കു വായിച്ചെടുക്കാനാകും: "പ്രവാചകൻ സ്വദേശത്തും സ്വഭവനത്തിലുമല്ലാതെ മറ്റെങ്ങും അവമതിക്കപ്പെടുന്നില്ല" (മത്താ 13,57; cf. മർക്കോ 6,4; ലൂക്ക 4,24). യേശുവിന്റെ ജീവിതശൈലിതന്നെ പ്രവാചകത്വം നിറഞ്ഞതായിരുന്നു - കരുണയെ, അഥവാ സ്വയബലിയെ, അൾത്താരബലിക്കുമീതേ സ്ഥാപിക്കുന്ന പ്രവാചകത്വം (ഹോസി 6,6; cf. മത്താ 9,13; 12,7). അതുകൊണ്ടുതന്നെ, ജനങ്ങൾ അവനെ പ്രവാചകനായി പരിഗണിച്ചിരുന്നു (മത്താ 21,46; cf. മർക്കോ 6,15; 8,28). യോനാപ്രവാചകന്റെ അടയാളം യേശുവിന്റെ അടയാളമായിത്തീർന്നതും (മത്താ 12:38-40) അവിടത്തെ പ്രവാചകവ്യക്തിത്വത്തിന്റെ തെളിവുതന്നെ.

എന്തുകൊണ്ടാണ് സാധാരണക്കാരനായ ഒരു മനുഷ്യൻ എന്നതിലുപരി ജനം യേശുവിനെ പ്രവാചകനായി കരുതിയത്? വരാനിരിക്കുന്ന പ്രവാചകനെക്കുറിച്ച് പഴയനിയമത്തിൽ സൂചനയുണ്ടോ? ഉണ്ട്. വീണ്ടും വരാനിരിക്കുന്ന രണ്ടു പ്രവാചകന്മാരെക്കുറിച്ചുള്ള പ്രതീക്ഷ പഴയനിയമം പുലർത്തുന്നുണ്ട്: മോശയും (നിയ 18,15-18) ഏലിയായും (മലാ 4,5) ആണവർ. മലാക്കി പരാമർശിക്കുന്ന വരാനിരിക്കുന്ന ഏലിയ സ്നാപകയോഹന്നാനാണെന്ന് പുതിയനിയമത്തിൽ വ്യക്തമായ സൂചനകളുണ്ട് (മത്താ 11,14; 17,10-13; ലൂക്കാ 1,17).

# 3.1. യേശു വരാനിരിക്കുന്ന മോശ

"നിന്റെ ദൈവമായ കർത്താവു നിന്റെ സഹോദരങ്ങളുടെ ഇട യിൽനിന്ന് എന്നെപ്പോലെയുള്ള ഒരു പ്രവാചകനെ നിനക്കു വേണ്ടി അയയ്ക്കും. അവന്റെ വാക്കാണു നീ ശ്രവിക്കേണ്ടത്" (നിയ 18,15) എന്ന പ്രവചനത്തിനു സമാനമാണ് നിയ 18,18: "അവരുടെ സഹോദരന്മാരുടെ ഇടയിൽനിന്നു നിന്നെപ്പോ ലുള്ള ഒരു പ്രവാചകനെ ഞാനവർക്കുവേണ്ടി അയയ്ക്കും. എന്റെ വാക്കുകൾ ഞാൻ അവന്റെ നാവിൽ നിക്ഷേപിക്കും. ഞാൻ കല്പിക്കുന്നതെല്ലാം അവൻ അവരോടു പറയും". ഈ പ്രവചനത്തിന്റെ പൂർത്തീകരണം യേശുക്രിസ്തുവിലാ ണുണ്ടായത്. യേശുവിന്റെ മുഖ്യശിഷ്യനായ വി. പത്രോസ് തന്റെ ആദ്യപ്രഭാഷണത്തിലും (അപ്പ 3,22-26) ക്രിസ്തുവിശ്വാ സത്തെപ്രതിയുള്ള ആദ്യത്തെ രക്തസാക്ഷിയായ വി. സ്തെഫാനോസ് തന്റെ അന്ത്യപ്രഭാഷണത്തിലും (അപ്പ 7,37) ഇതു വ്യക്തമാക്കുന്നുണ്ട്. യേശുക്രിസ്തുവിനു സാക്ഷ്യംവഹി ച്ചുകൊണ്ടാണ് അപ്പ 3,22.23-ൽ വി. പത്രോസ് നിയ 18,15.16.19 ഉദ്ധരിച്ചത്. യേശുക്രിസ്തുവിനെ ശ്രവിക്കാത്തവരെല്ലാം ജന ത്തിന്റെ ഇടയിൽനിന്നു പൂർണമായും വിച്ഛേദിക്കപ്പെടും. 26-ാം വാക്യത്തിൽ ഒരിക്കൽകൂടി ഇത് അദ്ദേഹം ഉറപ്പിച്ചുപറയുന്നു: 'ദൈവം തന്റെ ദാസനെ ഉയിർപ്പിച്ച്, ആദ്യം നിങ്ങളുടെ അടുക്ക ലേക്കാണു നിയോഗിച്ചയച്ചത്. നിങ്ങൾ ഓരോരുത്തരെയും ദുഷ്ടതയിൽനിന്നു പിന്തിരിപ്പിച്ച് അനുഗ്രഹിക്കാൻ വേണ്ടി യാണ് അത്'. യേശുക്രിസ്തുവിനെ സ്വീകരിച്ച് മാനസാന്തര പ്പെടണം എന്നുതന്നെ സന്ദേശം. ഇവിടെ 'ദാസൻ' എന്ന പ്രയോഗം പ്രത്യേകം ശ്രദ്ധേയമാണ്. മോശയ്ക്കായി പഴയനി യമം സമൃദ്ധമായി പ്രയോഗിക്കുന്ന ഒരു പദമാണത് (പുറ 4,10; 14,31; സംഖ്യ 11,11; 12,7.8; നിയ 3,24; 34,5; ജോഷ്വ 1,1.2.7.13.15; 8,31.33; 9,24; 11,12.15; 12,6; 14,7; 22,2.4.5.9) 'മോശയെപ്പോലുള്ള പ്രവാചകൻ' എന്ന നിയമാവർത്തനഗ്രന്ഥപ്രയോഗം യേശു വിൽ പൂർത്തിയായതായി യേശുവിന്റെ സമകാലീനനും മുഖ്യ ശിഷ്യനുമായവൻ പ്രഘോഷിച്ചത് വിശുദ്ധഗ്രന്ഥം വളരെ വ്യക്തമായി കുറിച്ചുവച്ചിരിക്കേ, രണ്ടായിരം വർഷ ങ്ങൾക്കുശേഷം അതു തിരുത്തിക്കുറിക്കാൻ ശ്രമിക്കുന്നവരുടെ മൗഢ്യത്തെക്കുറിച്ച് എന്തുപറയാൻ?


www.malankaralibrary.com

# 3.1.1. ഒരു കെട്ടുകഥ

മേലുദ്ധരിച്ച വാക്യങ്ങളിൽ 'നിന്റെ സഹോദരങ്ങൾ', 'അവരുടെ സഹോദരന്മാർ' എന്നിങ്ങനെ പ്രയോഗിച്ചിരിക്കുന്നത് ഇസ്മായേല്യരെ ഉദ്ദേശിച്ചാണ് എന്ന കെട്ടുകഥ ഇസ്ലാമികലോകത്ത് പ്രചരിച്ചിട്ടുണ്ട്. നിയ 18,15–18 സൂചിപ്പിക്കുന്ന 'മോശയെപ്പോലുള്ള പ്രവാചകൻ' മുഹമ്മദുനബിയാണ് എന്നു സ്ഥാപിക്കുകയാണ് ഇത്തരം കഥാകാരന്മാരുടെ ഉദ്ദേശ്യം. പക്ഷേ ഇത് ഒരു അതിമോഹിത വ്യാഖ്യാനമാണെന്നു വസ്തുനിഷ്ഠതയിൽ നിഷ്കർഷയുള്ളവർക്കു വ്യക്തമാകും.

ഇസ്മായേലിനെയും ഇസ്മായേല്യരെയും കുറിച്ച് ബൈബിൾ എന്തു പറയുന്നു എന്നു മനസ്സിലാക്കിയാൽ ഈ കഥയുടെ പൊള്ളത്തരം വ്യക്തമാകും. ഉത്പ 16,1.12; 17,20.21; 21:20.21 എന്നിവ ഇസ്മായേലിനെക്കുറിച്ചുള്ള ബൈബിൾകാഴ്ചപ്പാട് വ്യക്തമാക്കുന്നു. ശത്രുഗണത്തിലാണ് പഴയനിയമം ഇസ്മായേല്യരെ പെടുത്തിയിരിക്കുന്നത് (ഉത്പ 25,12–18; സങ്കീ 83, 6–8.17). ഇസ്മായേല്യരെക്കുറിച്ചുള്ള പഴയനിയമകാഴ്ചപ്പാടിനോടു ചേർത്തു വായിക്കേണ്ടതാണ് പുതിയനിയമത്തിൽ അവരെക്കുറിച്ചുള്ള ചിത്രവും (ഗലാ 4,22–31). ഇക്കാരണങ്ങളാൽ, നിയ 18,15.18–ലെ 'നിന്റെ സഹോദരന്മാർ', 'അവരുടെ സഹോദരങ്ങൾ' എന്നീ പ്രയോഗങ്ങൾ ഇസ്മായേല്യരെക്കുറിച്ചാവുക അസാധ്യം. യാക്കോബിന്റെ മക്കളുടെ പേരിലുള്ള പന്ത്രണ്ടുഗോത്രങ്ങളിൽപ്പെട്ടവരെയാണ് യഹൂദർ സഹോദരങ്ങളായി കരുതിയിരുന്നത്. യേശു യൂദാഗോത്രത്തിൽപ്പെട്ടവനാകയാൽ യേശുവാണ് പ്രവചിക്കപ്പെട്ട 'മോശയെപ്പോലുള്ള പ്രവാചകൻ' എന്നു നിസ്സംശയം പറയാം.

മാത്രമല്ല, പഴയനിയമത്തിൽ പരാമർശിക്കപ്പെടുന്ന ഇസ്മായേല്യർക്ക് ഇസ്ലാമികചരിത്രം ഉയർത്തിക്കാണിക്കുന്ന ഖുറേഷിഗോത്രവുമായോ മക്കയിൽ അധിവസിച്ചിരുന്ന മറ്റേതെങ്കിലും ഗോത്രവുമായോ ചരിത്രപരമായി എന്തെങ്കിലും ബന്ധമുണ്ടായിരുന്നെന്നു തെളിയിക്കാൻ ആർക്കും കഴിഞ്ഞിട്ടില്ല. യഹൂദർക്കുമാത്രമുണ്ടായിരുന്ന ഒരു പാരമ്പര്യം (ഉത്പ 16,1–16; 17,15–21; 21,9–21) ഏകപക്ഷീയമായി കടംകൊണ്ടതല്ലാതെ, മുഹമ്മദുനബിക്ക് 2500 വർഷങ്ങൾക്കുമുമ്പ് അബ്രാഹത്തിന്റെയും ഹാഗാറിന്റെയും പുത്രനായി ജനിച്ച ഇസ്മായേലുമായുള്ള ബന്ധം തെളിയിക്കാൻ ആർക്ക് എങ്ങനെയാണ് സാധിക്കുന്നത്?

## 3.2 യേശു മോശയെക്കാൾ ശ്രേഷ്ഠൻ

പ്രവാചകരുടെ ഇടയിൽ മോശയുടെ സ്ഥാനം അതുല്യമാണ് (സംഖ്യ 12:7.8). എന്നാൽ, താരതമ്യം അസാധ്യമാം വിധത്തിൽ ഉന്നതനാണ് യേശുവെന്ന് പുതിയനിയമം അസന്ദിഗ്ധമായി വ്യക്തമാക്കുന്നുണ്ട്:

a) "ദൈവത്തിന്റെ ഭവനംമുഴുവനിലും മോശ ഭൃത്യനെപ്പോലെ വിശ്വസ്തനായിരുന്നു. ക്രിസ്തുവാകട്ടെ, അവിടത്തെ ഭവനത്തിൽ പുത്രനെപ്പോലെയാണ്" (ഹെബ്രാ 3,5.6; മത്താ 21,38; ലൂക്കാ 20,14).

b) മോശ ദൈവത്തിന്റെ തിരുമുഖം കണ്ടിട്ടില്ല (പുറ 33,20-23). 'മുഖാഭിമുഖം ദൈവത്തോടു സംസാരിക്കുക' (പുറ 33:11) എന്നത് ആഴമുള്ള സൗഹൃദത്തെ സൂചിപ്പിക്കുന്ന ഹീബ്രുശൈലിമാത്രമാണ്. മോശയിൽനിന്നു വ്യത്യസ്തനായി യേശുക്രിസ്തുവാകട്ടെ, പിതാവുമായി ഗാഢബന്ധം പുലർത്തുന്ന (*എയിസ് തോൻ കോൾപോൻ തൂ പാത്രോസ്* എന്നു ഗ്രീക്കിൽ) ദൈവംതന്നെയായ ഏകജാതനാണ് (cf. യോഹ 1,18). മേല്പറഞ്ഞ ഗ്രീക്കുപ്രയോഗത്തിന്റെ പരിഭാഷകൾ രസകരങ്ങളാണ്. മോൺ. മൂത്തേടന്റെ പരിഭാഷ 'പിതാവിന്റെ മടിയിലിരിക്കുന്ന' എന്നും പി.ഒ.സി. പരിഭാഷ 'പിതാവുമായി ഗാഢബന്ധം പുലർത്തുന്ന' എന്നും ഇറ്റാലിയൻ പരിഭാഷ (CEI) 'nel seno del Padre' (പിതാവിന്റെ മാറിടത്തിൽ) എന്നും ജർമ്മൻ പരിഭാഷ (NJB) 'am Herzen des Vaters ruht' (പിതാവിന്റെ ഹൃദയത്തിൽ വിശ്രമിക്കുന്ന) എന്നും ഇംഗ്ലീഷിൽ (Community Bible) 'who is in and with the Father' എന്നുമൊക്കെയാണ്. 'പിതാവിന്റെ മാറിലേക്കുള്ള' എന്നാണ് അക്ഷരാർഥം. ചുരുക്കത്തിൽ, പിതാവുമായി സവിശേഷബന്ധമുള്ള (dynamic relationship) പുത്രൻ എന്നർഥം.

c) മോശയുടെ നിയമങ്ങളെ അംഗീകരിച്ച് അവയുടെ ആഴവും അർഥവും വെളിപ്പെടുത്തുന്നതോടൊപ്പംതന്നെ (മത്താ 5, 21.22; 27.28; 43.44) യേശു മോശയുടെ ഏതാനും ചില നിയമങ്ങളെ നീക്കി പുതിയ പ്രബോധനം നല്കി (മത്താ 5,31.32.33-37.38.39) മോശയ്ക്കതീതമായ തന്റെ ആധികാരികത വെളിപ്പെടുത്തുന്നു.


www.malankaralibrary.com

04

# പ്രവാചകനും ഉപരിയായ യേശു

യേശുവിന്റെ ആധികാരികത വെറുമൊരു പ്രവാചകന്റെ ആധികാരികതയല്ല. “നിയമത്തെയോ പ്രവാചകന്മാരെയോ... അസാധുവാക്കാനല്ല, പൂർത്തിയാക്കാനാണ് ഞാൻ വന്നത്” (മത്താ 5,17) എന്ന പ്രസ്താവനയിലൂടെ യേശു തന്റെ ആധികാരികത നിറഞ്ഞ സ്വത്വബോധം പ്രകടമാക്കുകയായിരുന്നു. വെറും പ്രവാചകരിൽ ഒരുവനല്ല താൻ എന്ന പ്രഖ്യാപനമാണ് മലയിലെ പ്രസംഗത്തിൽ നിറഞ്ഞുനില്ക്കുന്നത്. യേശു തന്റെ ആധികാരികത ആവർത്തിച്ചാവർത്തിച്ചു പ്രകടമാക്കുന്ന 6 വാക്യങ്ങൾ ഈ ഭാഗത്തുണ്ട്: “...എന്നു നിങ്ങൾ കേട്ടിട്ടുണ്ടല്ലോ; എന്നാൽ ഞാൻ നിങ്ങളോടു പറയുന്നു...” (മത്താ 5, 21.22. 27.28. 31.32. 33.34. 38.39. 43.44).

“കർത്താവ് അരുൾചെയ്യുന്നു” എന്ന ആമുഖത്തോടെയാണ് പ്രവാചകന്മാർ സംസാരിച്ചിരുന്നതെങ്കിൽ “ഞാൻ നിങ്ങളോടു/നിന്നോടു പറയുന്നു” എന്ന ആമുഖത്തോടുകൂടിയ, സ്വന്തം ആധികാരികത വ്യക്തമാക്കുന്ന പ്രഭാഷണമായിരുന്നു യേശുവിന്റേത്. വിശുദ്ധ മത്തായിയുടെ സുവിശേഷത്തിൽമാത്രം 58 പ്രാവശ്യം ഈ ആധികാരിക പ്രസ്താവനകാണാം (3,9; 5,18.20.22.26.28.32.34.39.44; 6,2.5.16.25.29; 8,10.11; 10,15.23.42; 11,9.11.22.24; 12,6.31.36; 13,17; 16,18.28; 17,12.20; 18,3.11.13.18.19.22; 19,9.23.24.28; 21,21.31.43; 23,36.39; 24,2.34.47; 25,12.40.45; 26,13.21.29.34.64).


www.malankaralibrary.com



മഹാപ്രവാചകന്മാരായ മോശയും ഏലിയായും യേശുവിന്റെ രൂപാന്തരീകരണവേളയിൽ അവിടത്തെപക്കൽ കാണപ്പെടുന്നതുതന്നെ (മത്താ 17,3; മർക്കോ 9,2–4; ലൂക്കാ 9,29.30) പ്രവാചകന്മാരുടെ പ്രവാചകനാണ് അവിടന്ന് എന്നതിന്റെ അനിഷേധ്യമായ തെളിവാണ്. യേശുവിനു മുമ്പോ പിമ്പോ ഉള്ള ഒരു പ്രവാചകനും അവിടത്തേക്കു സമനല്ല. “മനുഷ്യപുത്രൻ സാബത്തിന്റെയും കർത്താവാണ്” (മത്താ 12,18) എന്നോ “മനുഷ്യപുത്രൻ സ്വപിതാവിന്റെ മഹത്ത്വത്തിൽ തന്റെ ദൂതന്മാരോടൊത്തു വരാനിരിക്കുന്നു” (മത്താ 16,27) എന്നോ മറ്റൊരു പ്രവാചകനും പറഞ്ഞിട്ടില്ല. “ഞാനാകുന്നു വഴിയും സത്യവും ജീവനും” (യോഹ 14,6) എന്നോ “ഞാനാകുന്നു പുനരുത്ഥാനവും ജീവനും” (യോഹ 11,25) എന്നോ ഒരു പ്രവാചകനും ഒരിക്കലും പറഞ്ഞിട്ടില്ല.



യേശുക്രിസ്തു ദൈവമോ?
www.malankaralibrary.com

# കാലം കാത്തിരുന്ന മിശിഹാ



മലയാളത്തിൽ നാം പ്രയോഗിക്കുന്ന 'ക്രിസ്തു', 'മിശിഹാ' എന്നീ പദങ്ങൾക്ക് 'അഭിഷേകംചെയ്യപ്പെട്ടവൻ' എന്നാണ് അർഥം. അവ ക്രമത്തിൽ, 'ക്രിസ്തോസ്' എന്ന ഗ്രീക്കുപദത്തിൽ നിന്നും 'മഷീഅഹ്' എന്ന ഹീബ്രുപദത്തിൽനിന്നുമാണ് ഉദ്ഭവിക്കുന്നത്. തൈലാഭിഷേകം ചെയ്യപ്പെട്ടിരുന്നതിനാൽ, രാജാക്കന്മാരെയും (1സാമു 24,6.10; 2സാമു 19,21; 23,1; വിലാ 4,20; ഹബ 3,13 cf. ഏശ 45,1) പ്രവാചകന്മാരെയുമാണ് (ലേവ്യ 4,3.5.16; 6,22) ഈ പദംകൊണ്ടു വിശേഷിപ്പിച്ചിരുന്നത്. ഇതിൽ പ്രവാചന്മാർക്കായുള്ള ഉപയോഗം നാമവിശേഷണമായി മാത്രമാണെന്നതും ശ്രദ്ധിക്കേണ്ടതാണ്.

ദാവീദിന്റെ രാജ്യം സുസ്ഥിരമാക്കുന്ന രാജാവിനെക്കുറിച്ചുള്ള പ്രതീക്ഷ ഇസ്രായേല്യർക്കു ലഭിച്ചത് നാഥാൻപ്രവാചകനിലൂടെയാണ് (2സാമു 7,12). ദാവീദിന്റെ അന്തിമവചനങ്ങൾ (2സാമു 23, 1-7) ഈ പ്രവചനം സമ്മാനിച്ച ശോഭ വെളിവാക്കുന്നുണ്ട്. ഭാവിയിലെ അസാധാരണനായ രാജാവിനെക്കുറിച്ച് ആദ്യം പരാമർശിച്ച പ്രവാചകഗ്രന്ഥം ഏശയ്യായായുടേതാണ് (ഏശ 9,6-7; 11,1-9; cf. 7,14; 8,8). അദ്ദേഹത്തിന്റെ സമകാലീനനായ മിക്കായിലും സമാനമായ സൂചനകൾ കാണാം (മിക്കാ 5,2). ഇവർക്കുശേഷം ദാവീദുരാജവംശത്തിന്റെ ക്ഷയകാലമായിരുന്നു. ദാവീദുവംശജനായ രാജാവിനെക്കുറിച്ച് സെഫാനിയാ, നാഹും, ഹബക്കുക്ക് എന്നീ പ്രവാചകന്മാർ ഒരു പരാമർശവും നടത്തുന്നില്ല.



www.malankaralibrary.com

എന്നാൽ ജറെമിയായും (23,5–8; 30,9) എസെക്കിയേലും (21,27;
34,23; 37,24) ദാവീദുകുടുംബത്തിൽനിന്നുള്ള രാജാവിനെക്കുറി
ച്ചുള്ള പ്രതീക്ഷയ്ക്കു വീണ്ടും തിരികൊളുത്തി. പിന്നീടുള്ള വി
പ്രവാസകാലം സ്വാഭാവികമായും അത്തരം ചിന്തകളെല്ലാം
കെട്ടടങ്ങിയ കാലമായിരുന്നു. എന്നാൽ, ദാവീദുവംശജനും ദേ
വാലയം പുനരുദ്ധരിക്കാൻ മുഖ്യപങ്കു വഹിച്ചവനും കർത്താ
വിന്റെ 'മുദ്രമോതിരംപോലെ'യാകുമെന്നു (ഹഗ്ഗാ 2,23) കരുത
പ്പെട്ടവനുമായ സെറുബാബേലിൽ വിപ്രവാസാനന്തര ഇസ്രാ
യേൽ പ്രതീക്ഷയർപ്പിച്ചു. ദേവാലയകേന്ദ്രീകൃതമായ ഇസ്രാ
യേൽജീവിതത്തിൽ മെസയാനികരാജാവിനെക്കുറിച്ചുള്ള പ്ര
തീക്ഷ പ്രധാനപുരോഹിതനു വഴിമാറിക്കൊടുക്കുന്ന കാഴ്ച
സഖറിയായുടെ ഗ്രന്ഥത്തിൽ കാണാം (സഖ 3,8). എങ്കിലും
അതേ ഗ്രന്ഥംതന്നെ, കുതിരപ്പുറം വെടിഞ്ഞ്, പ്രതാപവാനും
ജയശാലിയും വിനയാന്വിതനും സമാധാനദാതാവുമായി കഴു
തപ്പുറത്തു വരുന്ന രാജാവിനെചിത്രീകരിച്ചത് (സഖ 9,9.10) മി
ശിഹാധാരണയുടെ അതിസുന്ദരമായ പരിണാമത്തിന്റെ നാഴി
കക്കല്ലാണ്.

വരാനിരിക്കുന്ന മിശിഹായെപ്പറ്റിയുള്ള പ്രത്യാശ പുതിയനിയ
മകാലഘട്ടത്തിലും ഉണ്ടായിരുന്നു (യോഹ 1,41; 4,25). "വരാനി
രിക്കുന്നവൻ നീതന്നെയോ? അതോ, ഞങ്ങൾ മറ്റൊരുവനെപ്ര
തീക്ഷിക്കണമോ?" എന്ന സ്നാപകശിഷ്യരുടെ ചോദ്യം (മ
ത്താ 11,3; ലൂക്കാ 7,19) സമകാലീനയഹൂദരുടെ കാത്തിരിപ്പിനെ
യാണ് വെളിവാക്കുന്നത്. ഈ കാത്തിരുപ്പ് ഫലമണിഞ്ഞതി
ന്റെ നേർക്കാഴ്ചയാണ് യേശുവിന്റെ ജറുസലേമിലേക്കുള്ള രാ
ജകീയപ്രവേശനം (മാർക്കോ 11:1–11). എന്നാൽ, ഈശോമിശി
ഹാ ജറുസലേമിലേക്ക് എത്തിയത് കുതിരപ്പുറത്തല്ല, കഴുതപ്പു
റത്താണ്. ഒരു രാജ്യം കീഴടക്കിയതുകൊണ്ടോ യുദ്ധങ്ങൾ ജ
യിച്ചതുകൊണ്ടോ അല്ല ജനം യേശുവിന് ഓശാനപാടിയത്;



യേശുക്രിസ്തു ദൈവമോ?
www.malankaralibrary.com

മറിച്ച്, തങ്ങളുടെ ഇടയിലേക്കു കടന്നുവരാനുള്ള മിശിഹാ ഇവൻതന്നെ എന്നു ബോധ്യപ്പെട്ടതുകൊണ്ടാണ്. താൻതന്നെയാണ് മിശിഹാ എന്ന് യേശു നേരിട്ടും (യോഹ 4,26) അല്ലാതെയും മർക്കോ 8,27-30; മത്താ 16,13-20; ലൂക്കാ 9,18-21) വ്യക്തമാക്കിയിരുന്നല്ലോ.

എന്നാൽ ജനം പ്രതീക്ഷിച്ച മിശിഹാ ആയിരുന്നില്ല ഈശോ! റോമാക്കാരുടെ ആധിപത്യത്തിൽനിന്ന് തങ്ങളെ മോചിപ്പിച്ച്, ദാവീദിന്റെ കാലത്തെന്നതുപോലെ, വലിയ ഒരു ശക്തിയായി തങ്ങളെ പരിവർത്തിപ്പിക്കുന്ന രാഷ്ട്രീയമിശിഹായെയാണ് അവർ പ്രതീക്ഷിച്ചതെങ്കിലും ഈശോ അഭിഷിക്തനായിരുന്നത് വ്യത്യസ്തമായ ഒരു ദൗത്യത്തിനുവേണ്ടിയായിരുന്നു... തന്റെ മിശിഹാത്വം ഏറ്റുപറഞ്ഞ ശിഷ്യപ്രമുഖനോട് (മത്താ 16,16-20) താൻ കടന്നുപോകാനിരിക്കുന്ന പീഡാസഹനമരണോത്ഥാനങ്ങളെക്കുറിച്ച് ഉടനെതന്നെ അവിടന്ന് സംസാരിച്ചത് (മത്താ 16,21) ഈശോയുടെ മിശിഹാദൗത്യം എന്തെന്നു വ്യക്തമാക്കുന്നു.

## 5.1 കേവലം 'ദാവീദിന്റെ പുത്രൻ' അല്ല!

മിശിഹാ ആരാണ് എന്ന ചോദ്യത്തിന്, പൊതുവേ എല്ലാ യഹൂദരുടെയും മനസ്സിലുള്ള ഉത്തരം, 'ദാവീദിന്റെ പുത്രൻ' എന്നതായിരുന്നു (മത്താ 22,42). എന്നാൽ, അവരുടെ ധാരണയെ തകിടംമറിക്കുന്നതായിരുന്നു സങ്കീ 110,1 ഉദ്ധരിച്ചുകൊണ്ടുള്ള യേശുവിന്റെ മറുപടി: "അങ്ങനെയെങ്കിൽ, ദാവീദ് ആത്മാവിനാൽ പ്രേരിതനായി അവനെ കർത്താവ് എന്നു വിളിക്കുന്നതെങ്ങനെ?" (മത്താ 22,43). യേശുക്രിസ്തു വാഗ്ദാനപ്രകാരം ദാവീദിന്റെ പുത്രനാണെങ്കിലും, അവിടത്തെ വെറും ഒരു മനുഷ്യനായി കാണുക അസാധ്യം എന്നുതന്നെയാണ് യേശുവിന്റെ ഈ ചോദ്യത്തിൽനിന്നു വ്യക്തമാകുന്നത്. എങ്കിൽ പിന്നെ, അവിടന്ന് ആര്? യേശുവിന്റെ ആധികാരികത വെറുമൊരു പ്രവാചകന്റെയോ മിശിഹായുടെയോ ആധികാരികതയല്ല, പുത്രന്റെ ആത്മവിശ്വാസമാണ്.

06

# യേശു ദൈവപുത്രൻ

പ്രധാനപുരോഹിതൻ ദൈവനാമത്തിൽ ആണയിട്ട് യേശുവിനോടു ചോദിച്ചത് “നീ ദൈവപുത്രനായ ക്രിസ്തുവാണോ” എന്നായിരുന്നു (മത്താ 26,63). ദൈവപുത്രത്വവും മിശിഹാത്വവും ഒരേ നാണയത്തിന്റെ രണ്ടു വശങ്ങൾപോലെയാണ്. യഹൂദവീക്ഷണത്തിൽ, ഈ ചിന്തയ്ക്ക് ആധാരമായി നിലകൊണ്ടത് ദാവീദുപരമ്പരയിൽനിന്ന് ഇസ്രായേൽരാജാവാകുന്നവൻ തന്റെ പുത്രൻ എന്ന് വിളിക്കപ്പെടും എന്ന് നാഥാൻപ്രവാചകനിലൂടെ ദൈവം അരുൾചെയ്ത സംഭവമായിരുന്നു (2സാമു 7,14. cf. സങ്കീ 89,26.27). ഇതിനാലാണ് രാജാവിനെ വാഴിക്കുന്ന സമയത്ത് ഇസ്രായേൽ രണ്ടാം സങ്കീർത്തനഭാഗം ആലപിച്ചിരുന്നത്: “നീ എന്റെ പുത്രനാണ്; ഇന്നു ഞാൻ നിനക്കു ജന്മംനല്കി” (സങ്കീ 2,7).

## 6.1 ബൈബിളിൽ നിറയുന്ന 'പുത്രൻ'

ബൈബിളിന്റെ ആദ്യഗ്രന്ഥംമുതൽ അവസാനഗ്രന്ഥംവരെ പരന്നുകിടക്കുന്ന പ്രതീക്ഷ സന്തതിയെക്കുറിച്ചുള്ളതാണ്. “നീയും സ്ത്രീയും നിന്റെ സന്തതിയും അവളുടെ സന്തതിയും തമ്മിലും ഞാൻ ശത്രുത ഉളവാക്കും. അവൻ നിന്റെ തല തകർക്കും; നീ അവന്റെ കുതികാലിൽ പരിക്കേല്പിക്കും” (ഉത്പ 3,15). ഉത്പത്തിപ്പുസ്തകത്തിലുള്ള ഈ ദൈവികവാഗ്ദാനത്തിന്റെ പൂർത്തീകരണമാണ് സമ്പൂർണ ബൈബിളിൽ ആകമാനം നമുക്കു കാണാനാവുന്നത്. സെര, ബേൻ, ബ്കോർ, ബർ എന്നീ ഹീബ്രുപദങ്ങളിലൂടെ പുത്രനെക്കുറിച്ചുള്ള ഈ വാഗ്ദാനം പ്രതീകാത്മകമായി അബ്രാഹത്തോടും (ഉത്പ 15,4; 17,16.19) ദാവീദിനോടും (2സാമു 7,12.13; സങ്കീ 132,11) ആഹാസി



യേശുക്രിസ്തു ദൈവമോ?
www.malankaralibrary.com

നോടും (ഏശ 7,14) ജനത്തോടും (ഏശ 9,6.7; സഖ 12,10; സങ്കീ 2,7.12) ദൈവം തുടർന്നുകൊണ്ടുപോകുന്നതായി കാണാം. വെളിപാടുപുസ്തകത്തിലുമുണ്ട് സന്തതീപരാമർശം ('ഹുയോസ്', വെളി 2,18; 'തെക്നോൺ', വെളി 12,4.5).

ചുരുക്കിപ്പറഞ്ഞാൽ, ബൈബിൾ ആദ്യന്തം യേശുവെന്ന സന്തതിയിൽ കേന്ദ്രീകൃതമാണ്. യേശുതന്നെയും അതു തെളിച്ചുപറഞ്ഞിട്ടുണ്ട്: "മോശയുടെ നിയമത്തിലും പ്രവാചകന്മാരിലും സങ്കീർത്തനങ്ങളിലും എന്നെക്കുറിച്ച് എഴുതപ്പെട്ടിരിക്കുന്നതെല്ലാം പൂർത്തിയാകേണ്ടിയിരിക്കുന്നു എന്നു ഞാൻ നിങ്ങളോടുകൂടെ ആയിരുന്നപ്പോൾ പറഞ്ഞിട്ടുണ്ടല്ലോ" (ലൂക്കാ 24,44). യഹൂദർ തങ്ങളുടെ ബൈബിളിനെ (TaNaK) തോറാ (നിയമം), നെബിയീം (പ്രവാചകന്മാർ), കെത്തുബീം (ലിഖിതങ്ങൾ) എന്നിങ്ങനെ മൂന്നു ഭാഗങ്ങളായി തിരിച്ചിരുന്നതുകൊണ്ടാണ് യേശു അങ്ങനെ പ്രസ്താവിച്ചത്.

## 6.2 അതുല്യനായ പുത്രൻ

"ഇസ്രായേൽ എന്റെ പുത്രനാണ്, എന്റെ ആദ്യജാതൻ" എന്ന് ദൈവജനത്തെക്കുറിച്ച് പുറ 4,22-ൽ പറയുന്ന അർഥത്തിലോ "എഫ്രായിം എന്റെ വത്സലപുത്രനല്ലേ; എന്റെ ഓമനക്കുട്ടൻ" എന്ന് ഇസ്രായേൽരാജ്യത്തെക്കുറിച്ച് ജറെ 31,20-ൽ പറയുന്ന അർഥത്തിലോ "നിങ്ങളുടെ ദൈവമായ കർത്താവിന്റെ മക്കളാണു നിങ്ങൾ" എന്ന് നിയ 14,1-ൽ പൊതുവായി പറയുന്ന അർഥത്തിലോ "സമാധാനം സ്ഥാപിക്കുന്നവർ ഭാഗ്യവാന്മാർ; അവർ ദൈവപുത്രന്മാരെന്നു വിളിക്കപ്പെടും" എന്നു മത്താ 5,9-ൽ പറയുന്ന അർഥത്തിലോ "തന്നെ സ്വീകരിച്ചവർക്കെല്ലാം, തന്റെ നാമത്തിൽ വിശ്വസിക്കുന്നവർക്കെല്ലാം, ദൈവമക്കളാകാൻ അവൻ കഴിവു നല്കി" എന്ന് വിശ്വാസികളെക്കുറിച്ച് യോഹ 1,12-ൽ പറയുന്ന അർഥത്തിലോ അല്ല യേശുവിനെ 'ദൈവപുത്രൻ' എന്നു വിളിക്കുന്നത്. ഇപ്പറഞ്ഞകൂട്ടരെല്ലാം വെറും മനുഷ്യർമാത്രമാണ്. ബൈബിൾ അവരെ 'ദൈവമക്കൾ' എന്നു വിശേഷിപ്പിക്കുന്നത്, ദൈവത്തിന്റെ ച്ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടവരോടും (ഉത്പ 1,26) ഒരു ജനമായി തെരഞ്ഞെടുക്കപ്പെട്ടവരോടും (പുറ 19,6) ദൈവത്തിനുള്ള സ്നേഹവും കരുതലും വ്യക്തമാക്കാൻവേണ്ടിയാണ്. എന്നാൽ, യേശുക്രിസ്തുവിനെ പുതിയനിയമം നാല്പത്തൊന്നു പ്രാവശ്യം 'ദൈവപുത്രൻ' എന്നു വിളിക്കുന്നത് ത്രിയേകദൈവത്തിലെ രണ്ടാമത്തെ ആളായ 'ഏകപുത്രൻ' എന്ന അർഥത്തിലാണ്




*യേശുക്രിസ്തു ദൈവപുത്രനും രക്ഷകനുമാണ് എന്ന ഗ്രീക്ക് വാക്യത്തിന്റെ ചുരുക്കെഴുത്താണ് 'ഇഖ്തൂസ്'. ഗ്രീക്കിൽ ഈ വാക്കിന്റെ അർഥം മത്സ്യം എന്നാണ്. ക്രിസ്ത്യാനികൾ പരസ്പരം തിരിച്ചറിയാൻ പൊതുസ്ഥലങ്ങളിൽവച്ച് കാലുകൊണ്ട് മത്സ്യത്തിന്റെ പടം വരയ്ക്കുമായിരുന്നു.*

യേശു ദൈവപുത്രനാണെന്ന സത്യം പുതിയനിയമത്തിൽ വളരെ വ്യക്തമായി അവതരിപ്പിക്കപ്പെട്ടിരിക്കുന്നു. "പൂർവകാലങ്ങളിൽ പ്രവാചകന്മാർവഴി വിവിധ ഘട്ടങ്ങളിലും വിവിധ രീതികളിലും ദൈവം നമ്മുടെ പിതാക്കന്മാരോടു സംസാരിച്ചിട്ടുണ്ട്. എന്നാൽ ഈ അവസാനനാളുകളിൽ തന്റെ പുത്രൻവഴി അവിടന്ന് നമ്മോട് സംസാരിച്ചിരിക്കുന്നു" (ഹെബ്രാ 1,1.2); "തന്റെ ഏകപുത്രൻവഴി നാം ജീവിക്കേണ്ടതിനായി ദൈവം അവനെ ലോകത്തിലേക്കയച്ചു" (1 യോഹ 4,9); "ദൈവത്തെ ആരും ഒരു നാളും കണ്ടിട്ടില്ല. പിതാവുമായി ഗാഢബന്ധം പുലർത്തുന്ന ദൈവംതന്നെയായ ഏകജാതനാണ് അവിടത്തെ വെളിപ്പെടുത്തിയത്" (യോഹ 1,18).

യേശുതന്നെയും ദൈവപിതാവിനെക്കുറിച്ച് 'എന്റെ പിതാവ്' (മത്താ 10,32.33; 11,27; 15,13; 16,17.27; 18,11.14.19.35; 20,23; 25,34; 26,29.53; ലൂക്കാ 2,49; 22,29; 24,49; യോഹ 2,16; യോഹ 5,43; 6,32.40; 8,19.28.38.49.55; 10,18.25.29.37; 14,2.7.20.21; 15,1.10.15.23.24; 20,17) എന്നും 'നിങ്ങളുടെ പിതാവ്' (മത്താ 5,16.45.48; 6,1.8.14.15.26.32; 7,11; 10,20.29; മർക്കോ 11,26; ലൂക്കാ 6,36; 12,30.32; യോഹ 20,27) എന്നും വ്യതിരിക്തതയോടെ മാത്രമേ സംസാരിച്ചിട്ടുള്ളൂവെന്നതും 'നമ്മുടെ പിതാവ്' എന്ന് ഒരിക്കൽപോലും പറഞ്ഞിട്ടില്ലെന്നതും അവിടത്തെ ദൈവപുത്രത്വത്തിന്റെ അനന്യതയല്ലേ വ്യക്തമാക്കുന്നത്?


യേശുക്രിസ്തു ദൈവമോ?
www.malankaralibrary.com



# 6.3 പുത്രന്റെ ആധികാരികത

യേശുവിന്റെ അധികാരത്തെക്കുറിച്ച് പലരും ചോദ്യങ്ങളുന്നയിക്കുന്നത് സുവിശേഷങ്ങളിൽ കാണാം (മർക്കോ 2,12; 4,41; 6,50; 11,28). പുത്രൻ എന്നനിലയിൽ തന്റെ ആധികാരികതയെക്കുറിച്ച് ഈശോയ്ക്ക് വ്യക്തമായ അവബോധമുണ്ടായിരുന്നു. ദൈവപുത്രത്വബോധമാണ് യേശുക്രിസ്തുവിന്റെ കാമ്പും കഴമ്പും. പന്ത്രണ്ടാം വയസ്സുമുതൽ (ലൂക്കാ 2,49) ഉത്ഥാനശേഷം വരെയും (യോഹ 20,17) ക്രിസ്തുവിന്റെ ദൈവപുത്രാവബോധത്തിൽ അല്പംപോലും ചാഞ്ചല്യം കാണാൻ നമുക്കു കഴിയില്ല. മാമ്മോദീസയിലും രൂപാന്തരീകരണവേളയിലും പിതാവുതന്നെ പുത്രത്വത്തെ (സങ്കീ 2,7) യേശുവിന്റെ വ്യക്തിത്വസാരമായി പ്രഖ്യാപിച്ചുവല്ലോ. മരുഭൂമിയിൽ സാത്താൻ ഉലയ്ക്കാൻ ശ്രമിച്ചത് യേശുവിന്റെ ദൈവപുത്രത്വബോധ്യത്തെയായിരുന്നു. "നീ ദൈവപുത്രനാണെങ്കിൽ..." എന്നാവർത്തിച്ചുള്ള വെല്ലുവിളിയാണ് പ്രലോഭനങ്ങൾ! യേശുവിന് തന്റെ പുത്രത്വബോധ്യത്തിൽ അല്പമെങ്കിലും ചാഞ്ചാട്ടം ഉണ്ടായിരുന്നെങ്കിൽ മരുഭൂമി ബേക്കറിയായി മാറിയേനെ! ദേവാലയാങ്കണം സർക്കസ് കൂടാരമായും!! പുത്രന്റെ അധീനതയിലുള്ള ഭൂമി (സങ്കീ 2,8; മത്താ 28,18) തന്റേതെന്നവകാശപ്പെട്ട സാത്താനുമുമ്പിൽ (ലൂക്കാ 4,6) 'തന്റേടം' (തന്റെ + ഇടം) വ്യക്തമാക്കിയ പുത്രൻ!!! ദൈവപുത്രന്റെമുമ്പിൽ പിടിച്ചുനില്ക്കാൻ കഴിയാതെ പോയവൻ പിന്നീട് പ്രിയ ശിഷ്യന്റെ സ്നേഹവചസ്സിലൂടെ വീണ്ടും പ്രത്യക്ഷനായപ്പോഴും അതു സാത്താനാണെന്നു തിരിച്ചറിയാൻ പുത്രന് യാതൊരു ക്ലേശവുമുണ്ടായില്ല. മരിക്കാനായി അഭിഷിക്തനായ പുത്രൻ കുരിശിൽ ആരൂഢനായപ്പോൾ വീണ്ടും പഴയ പല്ലവി ആവർത്തിക്കപ്പെട്ടു: "നീ ദൈവപുത്രനാണെങ്കിൽ..." (മത്താ 27,40).



# 6.4 ദാസനും പുത്രനും

മനുഷ്യരക്ഷയ്ക്കുവേണ്ടിയുള്ള ദൈവികപദ്ധതി ഉത്പ 3,15-ൽ ആദ്യമായി വെളിപ്പെടുന്നത്, കുതികാലിൽ പരുക്കേറ്റുവാങ്ങുന്ന സന്തതിയെക്കുറിച്ചുള്ള പരാമർശത്തോടെയാണ്. മനുഷ്യനായി അവതരിക്കുന്ന ദൈവപുത്രൻ പീഡാസഹന-മരണങ്ങൾക്കു വിധേയനാകുമെന്ന പ്രവചനമായിരുന്നു അത്. സന്തതിയും സഹനവും കൈകോർക്കുന്ന കാഴ്ചയാണ് ഇവിടെയും തുടർന്നുള്ള പല ഭാഗങ്ങളിലും കാണുന്നത്. അബ്രഹാമിന്റെ ബലിയും (ഉത്പ 22; cf. യോഹ 1,29) പുറപ്പാടിലെ പെസഹാ ആചരണവും (12,21-28; cf. 1കോറി 5,7) ലേവ്യരുടെ ഗ്രന്ഥത്തിലെ പാപപരിഹാരദിനാചരണവും (16,1-34; cf. ഹെബ്രാ 4,16) സംഖ്യ 21-ലെ പിത്തളസർപ്പവുമെല്ലാം (cf. യോഹ 3,14.15; 8,28; 12,32) സഹിക്കാനിരിക്കുന്ന സന്തതിയുടെ പ്രതീകങ്ങളാണ്. ഏശയ്യാപ്രവാചകന്റെ ഗ്രന്ഥത്തിൽ കർത്താവിന്റെ ദാസനെക്കുറിച്ചുള്ള നാലു ഗീതങ്ങൾ (ഏശ 42,19; 49,1-9; 50,4-11; 52,13-53,12) പരാർത്ഥസഹനം ഏറ്റെടുക്കുന്ന ദൈവപുത്രനെക്കുറിച്ചുള്ള പ്രവചനങ്ങളാണ്. ദൈവത്തോടുള്ള സമാനത മുറുകെപ്പിടിക്കേണ്ട കാര്യമായി പരിഗണിക്കാതെ ദാസന്റെ രൂപം സ്വീകരിച്ച യേശുവാണ് (cf. ഫിലി 2,6.7) "എന്റെ ഇഷ്ടമല്ല, അങ്ങയുടെ ഇഷ്ടം നിറവേറട്ടെ!" (ലൂക്കാ 22,42) എന്നു പ്രാർത്ഥിച്ചത്. കുരിശിൽ അലറിവിളിച്ചു മരിച്ച യേശു തെളിയിച്ചത് താൻ സഹിക്കുന്ന ദൈവപുത്രൻതന്നെയാണ് എന്നാണ്. അതിനാലാണ് അവിടത്തേക്ക് അഭിമുഖമായി നിന്നിരുന്ന ശതാധിപൻ അവിടന്ന് ഇപ്രകാരം മരിച്ചതു കണ്ട് പറഞ്ഞത്: "സത്യമായും ഈ മനുഷ്യൻ ദൈവപുത്രനായിരുന്നു" (മർക്കോ 15,39). പിതാവ് ഏല്പിച്ച സഹനദൗത്യം ശിരസ്സാവഹിച്ച പുത്രനെ'ദാസൻ'/'പരിശുദ്ധദാസൻ' എന്ന് വിശുദ്ധഗ്രന്ഥം വിശേഷിപ്പിച്ചിരിക്കുന്നതും ശ്രദ്ധേയമാണ് (അപ്പ 3,13.26; 4,27.30).


യേശുക്രിസ്തു ദൈവമോ?
www.malankaralibrary.com

07



# യേശുക്രിസ്തു സത്യദൈവം

“ആദിയിൽ വചനമുണ്ടായിരുന്നു; വചനം ദൈവത്തോടുകൂടെയായിരുന്നു; വചനം ദൈവമായിരുന്നു” (യോഹ 1,1). ത്രിയേകദൈവത്തിലെ രണ്ടാമത്തെ ആളായ പുത്രൻതമ്പുരാൻ അഥവാ, വചനംതമ്പുരാൻ മാംസം ധരിച്ച് നമ്മുടെയിടയിൽ വസിച്ചതാണ് (യോഹ 1,14) കർത്താവായ യേശുക്രിസ്തു. പിതാവിന്റെ ഏകജാതനായ (യോഹ 1,14) താനും പിതാവും ഒന്നാണ് എന്നും (യോഹ 10,30) സ്വർഗത്തിന്റെയും ഭൂമിയുടെയും എല്ലാ അധികാരവും തനിക്കുള്ളതാണെന്നും (മത്താ 28,18) പിതാവ് ചെയ്യുന്നതെല്ലാം അപ്രകാരംതന്നെ തനിക്കും സാധ്യമാണെന്നും (യോഹ 5,19) വിധിക്കാനുള്ള അധികാരം തനിക്കാണെന്നും (യോഹ 5,27; cf. മത്താ 25,31–33) പിതാവിനെ ആദരിക്കുന്നതുപോലെ പുത്രനായ തന്നെയും സകലരും ആദരിക്കേണ്ടതാണെന്നും (യോഹ 5,23) യേശു വെളിപ്പെടുത്തി.


www.malankaralibrary.com

യേശു പിതാവുമായി ഗാഢബന്ധം പുലർത്തുന്ന ദൈവംതന്നെയാണ് (യോഹ 1,18). കാലത്തിന്റെ പൂർണതയിൽ പിതാവിൽനിന്നു പുറപ്പെട്ട് (യോഹ 16,28), സ്വർഗത്തിൽനിന്ന് ഇറങ്ങി (യോഹ 6,38), കന്യകയിൽനിന്നു ജനിച്ച് (മത്താ 1,22), മനുഷ്യനായി കാണപ്പെട്ട (ഫിലി 2,6) യേശുക്രിസ്തു ദൈവ ത്തിന്റെ പ്രതിരൂപവും (കൊളോ 1,15) അവിടത്തെ മഹത്ത്വ ത്തിന്റെ തേജസ്സും സത്തയുടെ മുദ്രയുമാണെന്ന് (ഹെബ്രാ 1,3) വിശുദ്ധഗ്രന്ഥം വ്യക്തമായി സാക്ഷ്യപ്പെടുത്തുന്നു.

## ഉപസംഹാരം

നാം കൃത്യമായ ഒരു ലക്ഷ്യത്തിലേക്കുള്ള യാത്രയിൽ ആയിരു ന്നു. നിങ്ങൾ തേടിയ ചോദ്യത്തിന്റെ ഉത്തരം ഇന്ന് നിങ്ങളുടെ കൺമുമ്പിലുണ്ട്. തിരുവചനത്തിന്റെ തികച്ചും നേരായ പാത യിലൂടെയാണ് ഞങ്ങൾ നിങ്ങളെ നയിച്ചത്. യേശു ആരെ ന്നുള്ള ചോദ്യത്തിന് അവൻ ഒരു മനുഷ്യൻ ആണെന്നോ പ്രവാ ചകൻ ആണെന്നോ ഉള്ള നിഗമനങ്ങൾ അപര്യാപ്തമാണ് എന്നു നിങ്ങൾ ഇതിനോടകം മനസ്സിലാക്കിയിട്ടുണ്ടാകും. 'യുഗങ്ങൾക്കു മുമ്പുള്ളവൻ' (യോഹ 8,58; കൊളോ 1,15) എങ്ങനെഒരു മനുഷ്യൻമാത്രമാകും? 'പ്രവാചകനെക്കാൾ വലി യവ'നായ (മത്താ 11,9) സ്നാപകയോഹന്നാൻ, ആരുടെ ചെരിപ്പു വഹിക്കാനോ (മത്താ 3,11) ചെരുപ്പിന്റെ വാറഴി ക്കാൻപോലുമോ (മർക്കോ 1,7; ലൂക്കാ 3,16; യോഹ 1,27) താൻ യോഗ്യനല്ലെന്നു പ്രഖ്യാപിച്ചുവോ ആ യേശു എങ്ങനെഒരു പ്രവാചകൻമാത്രമാകും? 'യോനായെക്കാൾ വലിയവൻ' (മത്താ 12,41) എങ്ങനെ വെറും പ്രവാചകനാകും? അതുകൊ ണ്ടുതന്നെ, ഖുറാനിൽ വെറുമൊരു പ്രവാചകനായി അവതരി പ്പിച്ചിരിക്കുന്ന ഈസാനബി എന്ന കഥാപാത്രം ബൈബിളിലെ യേശുവല്ല എന്നു വ്യക്തമാണ്.

യേശു ആരെന്നുള്ള ചോദ്യത്തിന്, അവിടന്ന് ആത്യന്തികമായി ദൈവമാണ് (യോഹ 1,18; 5,21; 1യോഹ 5,20) എന്ന ഉത്ത രത്തിലേ യുക്തിബോധമുള്ളവന് എത്തിച്ചേരാൻ സാധിക്കൂ. വർക്കിയുടെയും ആനന്ദിന്റെയും ഗൗതമന്റെയും മുഹമ്മ ദിന്റെയും എന്നുവേണ്ട, സകല മനുഷ്യരുടെയും വിധികർത്താ വായ യേശുവിനുമുന്നിൽ (മത്താ 25:31-33; യോഹ 5,27) നമുക്ക് മുഴംകാൽ മടക്കാം. കർത്താവായ യേശുക്രിസ്തുവിന് "എന്നേക്കും സ്തുതിയും ബഹുമാനവും മഹത്ത്വവും ആധിപ ത്യവും" (വെളി 5:13) ഉണ്ടായിരിക്കട്ടെ!



www.malankaralibrary.com



# യേശുവിന്റെ ദൈവത്വത്തെസംബന്ധിച്ച് ഉന്നയിക്കപ്പെടുന്ന **ചോദ്യങ്ങളും അവയ്ക്കുള്ള മറുപടിയും**

താൻ ദൈവമാണ്, തന്നെ ആരാധിക്കണം എന്ന് യേശു എപ്പോഴെങ്കിലും പറഞ്ഞിട്ടുണ്ടോ? ക്രിസ്തുവിന്റെ അപ്പസ്തോലന്മാർ യേശു ദൈവമാണെന്ന് പഠിപ്പിച്ചിട്ടുണ്ടോ? യേശു ദൈവമാണെന്ന് ബൈബിളിൽ പറയുന്നുണ്ടോ? താൻ ദൈവമാണെന്ന് പറയാത്ത ആളിനെ എന്തിന് ദൈവം ആയി ആരാധിക്കണം? യേശു, ദൈവമാണെങ്കിൽ, പ്രാർഥിച്ചത് എന്തുകൊണ്ട്? യേശു, ദൈവമാണെങ്കിൽ, മരിച്ചത് എന്തുകൊണ്ട്?

തോക്കിൽ നിന്ന് ഉണ്ടകൾ തുരുതുരാ വരുന്നതുപോലെയാണ് ക്രൈസ്തവവിശ്വാസത്തിന്റെ നേർക്ക് ഇത്തരം ചോദ്യങ്ങൾ ചില കോണുകളിൽനിന്ന് ഉതിർക്കപ്പെടുന്നത്. ചോദ്യശരങ്ങളുതിർക്കുന്ന ചില ലഘുലേഖകളും തീവ്രവാദച്ചായ്‌വുള്ള ചില ഗ്രൂപ്പുകളുടേതായി പുറത്തിറങ്ങിയിട്ടുണ്ട്. എന്താണ് സത്യം? എന്താണ് മിഥ്യ? നമുക്ക് പരിശോധിക്കാം.




www.malankaralibrary.com



## 1. 'ഞാൻ ദൈവമാണ്; എന്നെ ആരാധിക്കണം' എന്ന് യേശു എപ്പോഴെങ്കിലും പറഞ്ഞിട്ടുണ്ടോ?

ഇല്ല! അക്ഷരാർഥത്തിൽ, ഇങ്ങനെയൊരു പ്രസ്താവന യേശു നടത്തിയതായി വിശുദ്ധ ബൈബിളിൽ ഒരിടത്തുമില്ല. പക്ഷേ, 'ഞാൻ ദൈവമാണ്; എന്നെ ആരാധിക്കണം' എന്ന പ്രസ്താവന അക്ഷരംപ്രതി വേണമെന്ന് ആരു പറഞ്ഞു? അല്ലാതെയും ഇതേ കാര്യം പറയാമല്ലോ. പ്രസ്തുത ചോദ്യകർത്താക്കളുടെ ഈ ചോദ്യത്തെ ഒന്ന് അപഗ്രഥിച്ചു കാണാം.

## 1.1. താൻ ദൈവമാണ് എന്ന് യേശു പറഞ്ഞിട്ടുണ്ടോ?

ഉണ്ട്. പലവിധത്തിൽ അവിടന്ന് അതു വ്യക്തമാക്കിയിട്ടുണ്ട്:

1. "മനുഷ്യപുത്രൻ സാബത്തിന്റെയും കർത്താവാണ്" (മത്താ 12,8; മർക്കോ 2,28; ലൂക്കാ 6,5) എന്ന യേശുവിന്റെ പ്രസ്താവനയുടെ അർഥം അവിടന്ന് ദൈവമാണെന്നാണ്. കാരണം, സാബത്ത് 'ദൈവമായ കർത്താവിന്റേ'താണ് (പുറ 20,10; നിയ 5,14).
2. "ഞാൻ ഞാൻതന്നെ എന്ന് വിശ്വസിക്കുന്നില്ലെങ്കിൽ നിങ്ങൾ നിങ്ങളുടെ പാപങ്ങളിൽ മരിക്കും" (യോഹ 8,24) എന്ന യേശുവിന്റെ പ്രസ്താവന "ഞാൻ ഞാൻതന്നെ" (പുറ 3,14) എന്ന് അരുൾചെയ്ത ദൈവത്തിലേക്കുതന്നെയാണ് വിരൽചൂണ്ടുന്നത്.
3. "ഞാനും പിതാവും ഒന്നാണ്" (യോഹ 10,30) എന്ന യേശുവിന്റെ പ്രഖ്യാപനം അവിടത്തെ ദൈവത്വപ്രഖ്യാപനംതന്നെയല്ലാതെ പിന്നെ എന്താണ്?
4. "ഞാനാണ് ആദിയും അന്തവും" (വെളി 1,17) എന്ന വെളിപാട് ഏശയ്യായുടെ പ്രവചനഗ്രന്ഥത്തിൽ ദൈവം നടത്തുന്ന വെളിപ്പെടുത്തലിനു (ഏശ 44,6) സമമല്ലേ?
5. യോഹ 5,19-29-ൽ പ്രവൃത്തിയിലും സ്നേഹത്തിലും ജീവദായകശക്തിയിലും ആദരത്തിലും പിതാവും പുത്രനും


www.malankaralibrary.com



തമ്മിലുള്ള തുല്യതയും ഐക്യവും യേശു വ്യക്തമാക്കി. ഈ പത്തു വാക്യങ്ങളിൽ പതിനേഴു പ്രാവശ്യമാണ് 'പിതാവ്', 'പുത്രൻ' പദങ്ങൾ പ്രത്യക്ഷപ്പെടുന്നത്.

6. യേശുവിന്റെ അദ്ഭുതങ്ങൾ അവിടത്തെ ദൈവത്വത്തിന്റെ നിദർശനങ്ങളായിരുന്നു. തന്റെ സുവിശേഷത്തിന്റെ ആദ്യത്തെ 12 അധ്യായങ്ങളിൽ അവയെ വി. യോഹന്നാൻ 'അടയാളങ്ങൾ' (സേമെയിയ) എന്ന് 17 പ്രാവശ്യം വിശേഷിപ്പിക്കുന്നതും അതുകൊണ്ടുതന്നെയാണ്.

7. യേശുവിന്റെ ദൈവത്വം അവിടന്നു വെളിപ്പെടുത്തിയ പരിശുദ്ധത്രിത്വത്തിന്റെ വെളിച്ചത്തിലാണ് മനസ്സിലാക്കേണ്ടത്.

## 1.2. തന്നെ ആരാധിക്കണം എന്ന് യേശു പറഞ്ഞിട്ടുണ്ടോ?

ഉണ്ട്. പറയുകമാത്രമല്ല, പ്രവൃത്തിയിലൂടെയും നിലപാടിലൂടെയും അത് അടിവരയിടുകയും ചെയ്തിട്ടുണ്ട്:

1. പിതാവിനെ എങ്ങനെയാണോ നാം ആദരിക്കുന്നത് അതേ അളവിൽത്തന്നെ അവിടത്തെയും നാം ആദരിക്കേണ്ടിയിരിക്കുന്നു (യോഹ 5,23) എന്ന് യേശു പറയുന്നു.

2. യേശുവിന്റെ പരസ്യജീവിതകാലത്ത് അവിടത്തെ ശിഷ്യന്മാർ യേശുവിനെ ആരാധിച്ചതായി ('പ്രൊസ്ക്യുനെഓ') നിരവധി സന്ദർഭങ്ങളിൽ നമുക്ക് കാണുവാൻ സാധിക്കും (മത്താ 14,32.33; 28:9.17; ലൂക്കാ 24,52). ഈ സന്ദർഭങ്ങളിലൊന്നും യേശു അവരെ വിലക്കിയിട്ടില്ല എന്നത് ശ്രദ്ധേയമത്രേ. അപ്പസ്തോലന്മാരെ ആരാധിക്കാൻ ശ്രമിച്ച മനുഷ്യരെ അവർ ആ പ്രവൃത്തിയിൽനിന്ന് തടഞ്ഞതും (അപ്പ 10,25) മാലാഖയെ ആരാധിക്കാൻ ശ്രമിച്ച യോഹന്നാനെ മാലാഖ തടയുന്നതും (വെളി 28,8.9) ആരാധന ദൈവത്തിനു മാത്രമേ നല്കാവൂ എന്നതിന്റെ തെളിവാണല്ലോ. എങ്കിൽ എന്തുകൊണ്ടാണ് യേശു തന്നെ ആരാധിച്ച തന്റെ ശിഷ്യന്മാരെ തടയാതിരുന്നത്? ആരാധനയ്ക്ക് യോഗ്യനായ ദൈവംതന്നെയാണ് അവിടന്ന് എന്നതുകൊണ്ടുതന്നെ. എന്തെന്നാൽ, അവിടന്ന് സത്യദൈവവും നിത്യജീവനുമാണ് (1യോഹ 5,20).



3. തന്നെ ആരാധിക്കാൻ ഈശോ ശിഷ്യന്മാർക്കു നല്കിയ ഈ സ്വാതന്ത്ര്യം അവരുടെ പ്രഘോഷണങ്ങളിലും പ്രതിഫലിക്കുന്നുണ്ട്. ആകാശത്തിൻകീഴിൽ മനുഷ്യരുടെയിടയിൽ രക്ഷയ്ക്കായി യേശുവിന്റേതല്ലാതെ മറ്റൊരു നാമവും നല്കപ്പെട്ടിട്ടില്ലെന്നും (അപ്പ 4,11.12) യേശു കർത്താവാണെന്ന് വിശ്വസിക്കുകയും അവിടത്തെ നാമം വിളിച്ചപേക്ഷിക്കുകയും ചെയ്യുന്നവർ രക്ഷ പ്രാപിക്കുമെന്നും (റോമ 10,9-13) അവർ പഠിപ്പിച്ചു. "എന്റെ നാമത്തിൽ നിങ്ങൾ എന്നോട് എന്തെങ്കിലും ചോദിച്ചാൽ ഞാനതു ചെയ്തുതരും" (യോഹ 14,13.14; cf. 16,23) എന്ന് തന്റെ വിടവാങ്ങൽ പ്രസംഗത്തിൽ വ്യക്തമാക്കിയതിലൂടെ യേശു തന്നോടു പ്രാർഥിക്കാൻ ശിഷ്യരെ ഒരുക്കുകയായിരുന്നു. "കർത്താവായ യേശുക്രിസ്തുവിന്റെ നാമം എല്ലായിടത്തും വിളിച്ചപേക്ഷിക്കുന്നവർക്ക്" കൃപയും സമാധാനവും ആശംസിക്കുന്ന പൗലോസിനെ 1കോറി 1,2-ൽ കാണാം. "ക്രിസ്തുവിനെ കർത്താവായി നിങ്ങളുടെ ഹൃദയത്തിൽ പൂജിക്കുവിൻ" (1പത്രോ 3,15) എന്ന് വി. പത്രോസും സ്വർഗത്തിലും ഭൂമിയിലും പാതാളത്തിലുമുള്ള എല്ലാ മുഴങ്കാലുകളും യേശുവിന്റെ നാമത്തിനുമുമ്പിൽ മടങ്ങണമെന്ന് (ഫിലി 2,10) വി. പൗലോസും പഠിപ്പിച്ചു.
4. "സ്വർഗത്തിലും ഭൂമിയിലും ഭൂമിക്കടിയിലും സമുദ്രത്തിലുമുള്ള എല്ലാ സൃഷ്ടികളും" ആരാധിക്കുന്നവനെ (വെളി 5,13.14) നാം ആരാധിക്കേണ്ടതല്ലേ?

## 1.2.1 ഒരു മറുചോദ്യം

ഈ ചോദ്യം ഉന്നയിക്കുന്ന തത്പരകക്ഷികളുടെ വേദഗ്രന്ഥത്തിലേക്ക് ഒരു എത്തിനോട്ടം നടത്തിയാലോ? 114 അധ്യായങ്ങളിലായി 6,236 വാക്യങ്ങൾ ഉൾക്കൊള്ളുന്ന ആ വേദഗ്രന്ഥത്തിൽ എവിടെയും താൻ ദൈവമാണെന്നോ തന്നെ ആരാധിക്കണമെന്നോ അവരുടെ ദൈവസങ്കല്പം നേരിട്ടുപറയുന്നതായി നമുക്ക് കാണാൻ സാധിക്കില്ല. തങ്ങളുടെ ദൈവം സ്വയം പറയാത്ത കാര്യം എന്തിന് അവർ അംഗീകരിക്കുന്നു? ഇതിനുള്ള ഉത്തരമായി അവർ പറയുന്നതാകട്ടെ, തങ്ങളുടെ പ്രവാചകനും പ്രവാചകാനുയായികളും


www.malankaralibrary.com




വിശ്വസിച്ചതും കൈമാറ്റം ചെയ്തതുമായ വിശ്വാസം തങ്ങൾ സ്വീകരിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നു എന്നാണ്.

നിങ്ങൾക്ക് നിങ്ങളുടെ പൂർവികരെ വിശ്വസിക്കുകയും അംഗീകരിക്കുകയും ചെയ്യാമെങ്കിൽ, യേശുവും അപ്പസ്തോലന്മാരും അപ്പസ്തോലപിൻഗാമികളും വിശുദ്ധ ബൈബിളും പഠിപ്പിക്കുന്ന സത്യങ്ങൾ ക്രൈസ്തവർ വിശ്വസിക്കരുത് എന്ന് നിങ്ങൾ പറയുന്നതിന്റെ പിന്നിലെ യുക്തി എന്താണ്? നിങ്ങളുടെ ദൈവസങ്കല്പം ഒരിക്കൽപ്പോലും നേരിട്ട് നിങ്ങളുടെ പ്രവാചകനോട് പറയാത്ത കാര്യം നിങ്ങൾക്ക് വിശ്വസിക്കാമെങ്കിൽ, യേശുക്രിസ്തു തന്റെ അപ്പസ്തോലന്മാരോട് നേരിട്ടു പറഞ്ഞ സത്യങ്ങൾ ക്രൈസ്തവർ വിശ്വസിക്കുകയും അംഗീകരിക്കുകയും ചെയ്യുമ്പോൾ 'അരുത്' എന്നു പറയാൻ നിങ്ങൾ മുതിരുന്നത് എന്തിന്? അപരന്റെ വിശ്വാസപ്രമാണത്തെ പുച്ഛിക്കുകയും പുകമറയിലാക്കുകയും ചെയ്യുന്ന ഈ കുത്സിതപ്രവൃത്തി ഒരു ദൈവവിശ്വാസിക്ക് ഒട്ടും യോജിച്ചതല്ല.

## 2. ക്രിസ്തുവിന്റെ അപ്പസ്തോലന്മാർ യേശു ദൈവമാണെന്ന് പഠിപ്പിച്ചിട്ടുണ്ടോ?

തീർച്ചയായും! അവരെല്ലാവരും അതുതന്നെയാണ് പഠിപ്പിച്ചത്.

യേശുക്രിസ്തുവിന്റെ ദൈവത്വത്തെയും കർതൃത്വത്തെയും ഏറ്റുപറയുകയും വിശ്വസിക്കുകയും പ്രഘോഷിക്കുകയും ചെയ്തവരാണ് എല്ലാ അപ്പസ്തോലന്മാരുമെന്ന് നമുക്ക് അറിയാം. അതിന് അവരെ പ്രാപ്തരാക്കിയത് യേശുവിന്റെ ഉത്ഥാനവും പരിശുദ്ധാത്മാവിന്റെ അഭിഷേകവുമായിരുന്നു. ഉത്ഥാനത്തിന്റെ വെളിച്ചത്തിലാണ് അപ്പസ്തോലന്മാർ ക്രിസ്തുസംഭവം ആഖ്യാനംചെയ്തത്. അതുകൊണ്ടുതന്നെ തങ്ങൾ ദൈവമെന്നു വിശ്വസിച്ചവനെദൈവമായിത്തന്നെ പ്രഘോഷിക്കുകയായിരുന്നു അവർ. ആ പ്രഘോഷണത്തിന്റെ രത്നച്ചുരുക്കം നാലു സുവിശേഷങ്ങളിൽ കാണാം. ആ പ്രഘോഷണങ്ങളിൽ ഏതാനും ചിലതു പരാമർശിക്കാനേനാം ഇവിടെ മുതിരുന്നുള്ളൂ:



## 2.1 വി. മത്തായിയുടെ സുവിശേഷം:

1. അദ്ദേഹം യേശുവിനെ അവതരിപ്പിക്കുന്നത് 'ഇമ്മാനുവേൽ' ("ദൈവം നമ്മോടുകൂടെ", മത്താ 1,23) ആയാണ്. താൻ യുഗാന്തംവരെ നമ്മോടൊത്ത് ഉണ്ടായിരിക്കുമെന്ന് യേശുതന്നെ (മത്താ 28,20) വാഗ്ദാനം ചെയ്തിരിക്കുന്നു.
2. യേശുവിനോടുള്ള ആരാധനപ്രകടനത്തോടെ (മത്താ 2,2.8.11) തുടങ്ങുന്ന സുവിശേഷം യേശുവിന് ആരാധനയർപ്പിച്ചുകൊണ്ടുതന്നെ (മത്താ 28,17) അവസാനിപ്പിക്കുന്നതുവഴി അവിടന്ന് എന്നും ആരാധിക്കപ്പെടേണ്ടവനും ആരാധന സ്വീകരിക്കേണ്ടവനും ആണെന്ന വലിയ സത്യം വി. മത്തായി നമ്മെ പഠിപ്പിക്കുന്നു.

## 2.2 വി. മാർക്കോസിന്റെ സുവിശേഷം:

1. യേശു ദൈവപുത്രനാണ് എന്ന സത്യം ഉദ്ഘോഷിച്ചുകൊണ്ടാണ് വി. മർക്കോസ് തന്റെ സുവിശേഷം ആരംഭിക്കുന്നതും (മർക്കോ 1,1) അവസാനിപ്പിക്കുന്നതും (15,39).
2. സകല ദൈവികാധികാരങ്ങളുമുള്ള (മർക്കോ 2,5; 4,37–39; 5,1–20; 21–43; 6,30–44; 45–52) ദൈവപുത്രനായ യേശുക്രിസ്തു (മർക്കോ 1,1) സാബത്തിന്റെ കർത്താവായ ദൈവംതന്നെയാണ് (മർക്കോ 2,28; cf. പുറ 20,10).
3. മാത്രമല്ല, മനുഷ്യനായി പിറന്ന യേശുക്രിസ്തു ദൈവമഹത്ത്വത്തിൽ പങ്കുകാരനാണ് (മർക്കോ 13,26; 16,19).

## 2.3 വി. ലൂക്കായുടെ സുവിശേഷം:

1. മനുഷ്യാവതാരം ചെയ്ത യേശുക്രിസ്തു കർത്താവാണെന്ന് (ലൂക്കാ 1,43; 2,11) ബാല്യകാലവിവരണത്തിൽത്തന്നെ സുവിശേഷകൻ വ്യക്തമാക്കുന്നു. 'എന്റെ കർത്താവിന്റെ അമ്മ' (*ഹേ മേതെർ തൂ കൂരിയൂ മൂ*, ലൂക്കാ 1,43) എന്ന എലിസബത്തിന്റെ ഉദീരണംതന്നെ മറിയത്തിന്റെ ഉദരത്തിൽ ഉരുവാകുന്ന ഈശോയുടെ കർത്തൃത്വം പ്രഖ്യാപിക്കലല്ലേ?
2. ദേവാലയത്തിൽ ആരംഭിച്ച് (1,5) ദേവാലയത്തിൽ അവസാനിക്കുന്ന (24,53) ഈ സുവിശേഷത്തിന്റെ അന്ത്യത്തിൽ


യേശുക്രിസ്തു ദൈവമോ?
www.malankaralibrary.com



ശിഷ്യഗണം യേശുവിനെ ആരാധിക്കുന്ന കാഴ്ച (24,52) എത്ര ഹൃദ്യമാണ്! യേശു ആരാധനയ്ക്ക് യോഗ്യനാണെന്ന് ഇങ്ങനെ സ്ഥാപിക്കുന്ന സുവിശേഷകൻ എല്ലാ കാര്യങ്ങളും സൂക്ഷ്മമായി പഠിച്ച് ക്രമമായി എഴുതിയവനാണെന്ന് (1,1) ഓർക്കണം.

## 2.4 വി. യോഹന്നാന്റെ സുവിശേഷം:

1. ആദിയിൽ വചനമുണ്ടായിരുന്നെന്നും വചനം ദൈവത്തോടു കൂടെയായിരുന്നെന്നും വചനം ദൈവമായിരുന്നെന്നും പറഞ്ഞുതുടങ്ങുന്ന ഈ സുവിശേഷം യേശുവിനെ മാംസം ധരിച്ച വചനമായി (1,14) അവതരിപ്പിക്കുന്നു.
2. അവിടന്ന് സകലത്തിന്റെയും സ്രഷ്ടാവാണെന്നും (1,3.10) സുവിശേഷകൻ വ്യക്തമാക്കുന്നു.
3. ചുരുക്കിപ്പറഞ്ഞാൽ, ത്രിയേകദൈവത്തിലെ രണ്ടാമത്തെ ആളായ പുത്രൻതമ്പുരാനാണ് ("ദൈവംതന്നെയായ ഏകജാതൻ": 1,18) യേശുക്രിസ്തുവെന്ന് വ്യക്തതയോടെ സ്ഥാപിക്കുകയാണ് അദ്ദേഹം.
4. യോഹന്നാന്റെ സുവിശേഷത്തിൽ വളരെ പ്രധാനപ്പെട്ടതാണ് 'ഞാൻ ആകുന്നു' വചനങ്ങൾ. യേശു തനിക്കായി ഉപയോഗിക്കുന്ന നാമമാണ് 'ഞാൻ ആകുന്നു' (*ഏഗോ എയ്മി*: 4,26; 6,20; 8,24.28.58; 13,19; 18.5.8). ഈശോമിശിഹായുടെ ദൈവത്വത്തിന്റെ അനിഷേധ്യമായ വെളിപ്പെടുത്തലാണ് കേവലരൂപത്തിലുള്ള ഈ പ്രയോഗം. കാരണം, പുറപ്പാടിൽ മോശയ്ക്ക് ദൈവം സ്വയം വെളിപ്പെടുത്തുന്ന പ്രയോഗമാണ് "ഞാൻ ആകുന്നവൻ ആകുന്നു" (പുറ 3,14.15) എന്നത്. *എഹ്‌വേ അഷെർ എഹ്‌വേ* എന്ന ആ ഹീബ്രുവാക്യം സെപ്ത്വജിന്തിൽ (ഗ്രീക്കുപരിഭാഷ; ബി.സി. മൂന്നാം നൂറ്റാണ്ട്) *ഏഗോ എയ്മി* എന്നാണ് ഭാഷാന്തരം ചെയ്തത്. ഇതേ പ്രയോഗമാണ് യേശുവിന്റേതായി വി. യോഹന്നാന്റെ സുവിശേഷത്തിലുള്ളതും. ദൈവത്തിന്റെ മഹോന്നത നാമമായി പ്രവാചകനായ ഏശയ്യായും പ്രഖ്യാപിക്കുന്നത് *അനീ ഹൂ* (ഞാനാകുന്നു അവൻ) എന്ന പ്രയോഗമാണ് (ഏശ 41,4; 43,10; 46,4; 51,12; 52,6).



5. “എന്റെ കർത്താവേ എന്റെ ദൈവമേ” (യോഹ 20,28) എന്ന അഭിസംബോധനകൊണ്ട് വി. തോമസ്ശ്ലീഹാ അപ്പസ്തോലന്മാരുടെമുമ്പിൽവച്ച് യേശുവിന്റെ ദൈവത്വം പ്രഖ്യാപിച്ചു.
6. അങ്ങനെ യേശുവിന്റെ ദൈവത്വം പ്രഖ്യാപിച്ചുകൊണ്ട് ആരംഭിക്കുന്ന സുവിശേഷം (1,1) അവസാനഭാഗത്തും അവിടത്തെ ദൈവത്വം പ്രഖ്യാപിക്കുന്നു (20,28).

## 2.5 അപ്പസ്തോലപ്രവർത്തനങ്ങൾ:

വി. സ്തേഫാനോസിന്റെ സാക്ഷ്യമനുസരിച്ച് പിതാവിന്റെ വലത്തുഭാഗത്തു നില്ക്കുന്നവനായ യേശുക്രിസ്തു, മരണസമയത്ത് നമ്മുടെ ആത്മാവിനെ കൈക്കൊള്ളുന്നവനും പാപങ്ങൾ പൊറുക്കുന്നവനുമായ കർത്താവാണ് (അപ്പ 7,54-60). യേശു തന്റെ മരണസമയത്ത് സങ്കീ 31,5 ഉദ്ധരിച്ചുകൊണ്ട് പിതാവായ ദൈവത്തോട് അഭ്യർത്ഥിച്ചതുതന്നെയാണ് (ലൂക്കാ 23,34.46), സ്തേഫാനോസ് തന്റെ മരണസമയത്ത് യേശുവിനോടും അഭ്യർത്ഥിച്ചത്: “കർത്താവായ യേശുവേ, എന്റെ ആത്മാവിനെ കൈക്കൊള്ളണമേ!” (അപ്പ 7,59). തന്നെ ദ്രോഹിക്കുന്നവരോടു ക്ഷമിക്കാൻ പിതാവിനോട് യേശു പ്രാർഥിച്ചതുപോലെ, സ്തേഫാനോസ് യേശുവിനോടും പ്രാർഥിക്കുന്നു: “കർത്താവേ, ഈ പാപം അവരുടെമേൽ ആരോപിക്കരുതേ” (7,60).

അപ്പസ്തോലന്മാർ യേശുക്രിസ്തു കർത്താവും രക്ഷകനുമാണെന്ന് പഠിപ്പിക്കുക മാത്രമല്ല, യേശുവിന്റെ നാമത്തിൽ അദ്ഭുതങ്ങളും അടയാളങ്ങളും ചെയ്തുകൊണ്ടും (അപ്പ 3,6; 5,12) അവിടത്തെ നാമത്തിൽ ജ്ഞാനസ്നാനം നല്കിക്കൊണ്ടും (2,38; 8,12; 10,48) യേശു കർത്താവാണെന്ന് ബോധ്യംനല്കുകയും “യേശു ക്രിസ്തുവിൽ വിശ്വസിച്ചാൽ നീയും നിന്റെ കുടുംബവും രക്ഷപ്രാപിക്കും” (അപ്പ 16,31) എന്ന് ഉദ്ബോധിപ്പിക്കുകയും ചെയ്തിരുന്നു. അപ്പസ്തോലപ്രവർത്തനത്തിൽ, പിതാവിനുവേണ്ടി പ്രയോഗിച്ചിട്ടുള്ള ‘കർത്താവ്’ (‘ക്യൂരിയോസ്’, 1,24; 2,20.39.47; 3,20.22; 4,26.29; 5,19; 7,31.33.49; 10,14; 12,7.11.23; 13,47; 15,17; 17,24) എന്ന വിശേഷണം യേശുവിനുവേണ്ടിയും സമൃദ്ധമായി ഉപയോഗിച്ചി



യേശുക്രിസ്തു ദൈവമോ?
www.malankaralibrary.com




ട്ടുണ്ട് (1,6.21; 2,36; 4,33; 5,14; 7,59.60; 8,16; 9,1.5.10.11.13.15.17. 27.28.35.42; 10,36; 11,16.20.23.24; 14,3; 15,11.26; 16,31; 18, 8.9.25; 19,5.13.17.20; 20,21.24.28.32.35; 21,13.14; 22,10.18.19; 23,11; 28,31).

## 2.6 വി. പത്രോസ്

യേശുക്രിസ്തു ആരെന്ന് ജനസമൂഹത്തിന്റെ മുന്നിൽ ആദ്യം പ്രഘോഷിച്ചത് വി. പത്രോസ്ശ്ലീഹയാണ്. മരണത്തിൽനിന്ന് ഉയർപ്പിക്കപ്പെട്ട് പിതാവിന്റെ വലത്തുഭാഗത്ത് ഉപവിഷ്ടനായിരിക്കുന്ന (അപ്പ 2,33) യേശുക്രിസ്തു നമ്മുടെ കർത്താവും രക്ഷകനുമാണെന്നും (2പത്രോ 1,11; 1പത്രോ 1,3) സകല ദൂതന്മാരും ആർക്കു കീഴ്പ്പെട്ടിരിക്കുന്നുവോ അവനും മഹത്ത്വത്തിനും ആധിപത്യത്തിനും യോഗ്യനുമായ ക്രിസ്തുവിനെ (1പത്രോ 3:22; 4:11) നമ്മുടെ ഹൃദയത്തിൽ പൂജിക്കണമെന്നും (1പത്രോ 3,15) അവിടത്തെ ദൈവികശക്തിയാൽ നമുക്ക് ആവശ്യമുള്ളതെല്ലാം ലഭിക്കുമെന്നും (2പത്രോ 1,3) വി. പത്രോസ്ശ്ലീഹാ വിശ്വാസീസമൂഹത്തെ പഠിപ്പിച്ചു.

## 2.7 വി. പൗലോസ്

ദൈവപുത്രനായ യേശുക്രിസ്തു (അപ്പ 9,20) സകല സൃഷ്ടികൾക്കുംമുമ്പുള്ള ആദ്യജാതനും സൃഷ്ടികർത്താവുമായ (കൊളോ 1,15.16) ദൈവംതന്നെയാണ് (റോമാ 9,5; ഫിലി 2,6) എന്ന് വി. പൗലോസ് വിശ്വസീസമൂഹത്തെ പഠിപ്പിക്കുന്നു. “സിംഹാസനങ്ങളോ ആധിപത്യങ്ങളോ ശക്തികളോ അധികാരങ്ങളോ എന്തുമാകട്ടെ, എല്ലാം അവനിലൂടെയും അവനുവേണ്ടിയുമാണ് സൃഷ്ടിക്കപ്പെട്ടത്” (കൊളോ 1,16). “ദൈവത്വത്തിന്റെ പൂർണതമുഴുവൻ അവനിൽ മൂർത്തീഭവിച്ചിരിക്കുന്നു” (കൊളോ 2,9) എന്ന പരാമർശം യേശുക്രിസ്തുവിന്റെ ദൈവത്വത്തെക്കുറിച്ചുള്ള ആദിമസഭയുടെ ബോധ്യമാണ് വ്യക്തമാക്കുന്നത്. തീത്തോസിന് എഴുതിയ ലേഖനത്തിൽ പൗലോസ് യേശുക്രിസ്തുവിനെദൈവം എന്നു വിശേഷിപ്പിച്ചിരിക്കുന്നതു ശ്രദ്ധിക്കുക: “നമ്മുടെ മഹോന്നതനായ ദൈവവും രക്ഷകനുമായ (*തൂ മെഗാലൂ ഥെവൂ കായ് സോതെറോസ് ഹേമോൻ*) യേശുക്രിസ്തുവി



ന്റെ മഹത്ത്വത്തിന്റെ പ്രത്യക്ഷീകരണവും അനുഗ്രഹപൂർണ്ണമായ പ്രത്യാശയും നാം കാത്തിരിക്കുന്നു" (2,13).

## 2.8 ഹെബ്രായർക്കുള്ള ലേഖനം

ഹെബ്രായലേഖനത്തിന്റെ കർത്താവാകട്ടെ, യേശുക്രിസ്തു ദൈവപുത്രനും (ഹെബ്രാ 1,2) പിതാവിന്റെ സത്തയുടെ മുദ്രയും (ഹെബ്രാ 1,3) ദൈവവും (ഹെബ്രാ 1,8) സൃഷ്ടികർത്താവും (1,2) ആരാധനയ്ക്കു യോഗ്യനും (ഹെബ്രാ 1,6) ആണെന്ന സത്യത്തെക്കുറിച്ചു പരാമർശിച്ചുകൊണ്ടാണ് തന്റെ ലേഖനം ആരംഭിക്കുന്നത്.

## 2.9 വെളിപാടുഗ്രന്ഥം

"ഞാനാണ് ആദിയും അന്തവും" (വെളി 1,17) എന്ന യേശുക്രിസ്തുവിന്റെ പ്രസ്താവന ഏശ 44,6-നു സമമാണ്: "ഇസ്രായേലിന്റെ രാജാവും രക്ഷകനും സൈന്യങ്ങളുടെ നാഥനുമായ കർത്താവ് അരുളിച്ചെയ്യുന്നു: ഞാൻ ആദിയും അന്തവുമാണ്. ഞാനല്ലാതെ മറ്റൊരു ദൈവമില്ല".

സ്വർഗത്തിന്റെ ദർശനങ്ങളിൽ (4,1-5,14) കുഞ്ഞാടായി ചിത്രീകരിക്കപ്പെട്ടിരിക്കുന്ന യേശു ദൈവതുല്യനായാണ് അവതരിപ്പിക്കപ്പെട്ടിരിക്കുന്നത്. ഇത് ഏറ്റവും തെളിമയോടെ കാണാവുന്നത് 5,12-14-ലാണ്: "ഉച്ചസ്വരത്തിൽ ഇവർ ഉദ്ഘോഷിച്ചു: കൊല്ലപ്പെട്ട കുഞ്ഞാട് ശക്തിയും ധനവും ജ്ഞാനവും ആധിപത്യവും ബഹുമാനവും മഹത്ത്വവും സ്തുതിയും സ്വീകരിക്കാൻ യോഗ്യനാണ്. സ്വർഗത്തിലും ഭൂമിയിലും ഭൂമിക്കടിയിലും സമുദ്രത്തിലും ഉള്ള എല്ലാ സൃഷ്ടികളും ഇങ്ങനെ പറയുന്നതു ഞാൻ കേട്ടു; സിംഹാസനസ്ഥനും കുഞ്ഞാടിനും എന്നേക്കും സ്തുതിയും ബഹുമാനവും മഹത്ത്വവും ആധിപത്യവും. നാലു ജീവികളും ആമേൻ എന്നു പ്രതിവചിച്ചു. ശ്രേഷ്ഠന്മാർ സാഷ്ടാംഗം വീണ് ആരാധിച്ചു".

## 3. യേശു ദൈവമാണെന്ന് അപ്പസ്തോലന്മാരുടെ പിൻഗാമികൾ പഠിപ്പിച്ചിട്ടുണ്ടോ?

യേശു ആരെന്നുള്ള യാഥാർഥ്യം അപ്പസ്തോലന്മാരെപ്പോ


www.malankaralibrary.com



ലെതന്നെ വിശ്വാസീസമൂഹത്തെ പഠിപ്പിക്കുകയും പ്രഘോഷിക്കുകയും ചെയ്തവരാണ് അപ്പസ്തോലിക പിതാക്കന്മാർ. അപ്പസ്തോലന്മാർ പഠിപ്പിച്ചത് അവർ അണുവിട തെറ്റാതെ പിൻതലമുറകൾക്കു പകർന്നുകൊടുത്തു:

## 3.1. വിശുദ്ധ ക്ലെമന്റ് (എഡി 35–101)

സഭയിലെ ആദ്യത്തെ അപ്പസ്തോലികപിതാവും നാലാമത്തെ മാർപ്പാപ്പയുമായ റോമിലെ വി. ക്ലെമന്റ് പാപ്പ കോറീന്തോസിലെ സഭയ്ക്കുള്ള രണ്ട് ലേഖനങ്ങളിലൂടെ യേശുക്രിസ്തുവിന്റെ ദൈവത്വവും മനുഷ്യത്വവും വ്യക്തമായി അവതരിപ്പിച്ചു. ജീവിക്കുന്നവരുടെയും മരിച്ചവരുടെയും വിധികർത്താവാണ് ദൈവമായ യേശുക്രിസ്തു എന്ന് അനുസ്മരിപ്പിച്ചുകൊണ്ടാണ് അദ്ദേഹത്തിന്റെ രണ്ടാമത്തെ ലേഖനം ആരംഭിക്കുന്നതുതന്നെ. ആ കത്തിൽ തുടർന്ന് അദ്ദേഹം കുറിച്ചിരിക്കുന്നു: "സഹോദരരേ, നാം ക്രിസ്തുവിനെക്കുറിച്ച് ദൈവത്തെ എന്നപോലെ ചിന്തിക്കണം" (2ക്ലെമെന്റ് 1,1).

## 3.2 അന്തോക്യയിലെ വിശുദ്ധ ഇഗ്നേഷ്യസ് (എഡി 50–117)

യേശുവിന്റെ ദൈവത്വത്തെക്കുറിച്ചും മനുഷ്യത്വത്തെക്കുറിച്ചും അപ്പസ്തോലനായ യോഹന്നാന്റെ ശിഷ്യനും അന്തോക്യായിലെ മെത്രാനുമായിരുന്ന വിശുദ്ധ ഇഗ്നേഷ്യസ് സഭാസമൂഹത്തെ കൃത്യമായി പഠിപ്പിച്ചു. രണ്ടാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ക്രിസ്തുവിന്റെ ദൈവികതയെ ചോദ്യം ചെയ്തതിനെതിരേ പ്രതികരിച്ച അദ്ദേഹം എഴുതി: "യേശുക്രിസ്തുവിന്റെ ദൈവികതയെ നിഷേധിക്കാൻവേണ്ടിമാത്രം ഒരു ദൈവമേയുള്ളൂ എന്നു വാദിക്കുന്നവൻ പിശാചാണ്". തുടർന്ന് അദ്ദേഹം പറയുന്നു: "യേശു വെറുമൊരു മനുഷ്യനാണെന്നു വാദിക്കുന്നവൻ പ്രവാചകന്മാരുടെ വീക്ഷണപ്രകാരം ശപിക്കപ്പെട്ടവനാകട്ടെ!" (അന്ത്യോക്യക്കാർക്കുള്ള കത്ത്, 5). എഫേസോസുകാർക്കുള്ള കത്തിൽ അദ്ദേഹം ഇപ്രകാരം എഴുതിയിരിക്കുന്നു: "ശാരീരികനും ആത്മീയനും ജനിച്ചവനും സൃഷ്ടിയല്ലാത്തവനും ദൈവം മനുഷ്യ


www.malankaralibrary.com



നായവനും മൃത്യുവിന്റെ മധ്യത്തിലുള്ള യഥാർഥ ജീവനും ... ആയ യേശുക്രിസ്തുവാണ് ഒരേയൊരു വൈദ്യൻ" (7,2) .

ദൈവം മനുഷ്യനായതാണ് യേശുക്രിസ്തുവെന്ന് വ്യക്തമായ ബോധ്യം അദ്ദേഹത്തിന് ഉണ്ടായിരുന്നു. "എന്റെ ദൈവത്തിന്റെ പീഡാനുഭവം ഞാൻ അനുകരിക്കട്ടെ" എന്ന് റോമായിലെ സഭയ്ക്കും (റോമാക്കാർക്കുള്ള കത്ത് 6,3), "കാലാതീതനും കാലരഹിതനും അദൃശ്യനുമായ ഏകനെപ്പറ്റി ചിന്തിക്കുക; അവൻ നമുക്കുവേണ്ടി ദൃശ്യനായി; സ്പർശനത്തിനും സഹനത്തിനും അതീതനായ അവൻ നമുക്കുവേണ്ടി സഹനത്തിനധീനനാകുകയും നമുക്കുവേണ്ടി എല്ലാം സഹിക്കുകയും ചെയ്തു" എന്ന് പോളികാർപ്പിനും (3,2) ഇഗ്നേഷ്യസ് എഴുതുമ്പോൾ ദൈവത്തിന്റെ മനുഷ്യാവതാരവും പീഡാസഹനവും അദ്ദേഹം പ്രത്യേകമാംവിധം അനുസ്മരിക്കുകയായിരുന്നു.

## 3.3 രക്തസാക്ഷിയായ വി. ജസ്റ്റിൻ (എഡി 100–165)

രണ്ടാം നൂറ്റാണ്ടിലെ പ്രശസ്തനായ ഒരു വിശ്വാസസംരക്ഷകനായിരുന്ന ജസ്റ്റിൻ, കർത്താവും ദൈവവുമായ യേശുക്രിസ്തു സത്തയിൽ സൈന്യങ്ങളുടെ കർത്താവും ദൈവവുമായവൻതന്നെയാണെന്ന് സാക്ഷ്യപ്പെടുത്തുന്നു (ട്രിഫോയുമായുള്ള സംവാദം, 36). കൂടാതെ, പ്രവാചകന്മാരുടെ സാക്ഷ്യങ്ങൾ ഗ്രഹിക്കാത്തവരാണ് യേശുവിന്റെ ദൈവത്വത്തെ നിരാകരിക്കുന്നവരെന്നും ജസ്റ്റിൻ ഓർമപ്പെടുത്തുന്നു (ട്രിഫോയുമായുള്ള സംവാദം, 128–129).

## 3.4 സാർദിസിലെ മെലിറ്റോ (എഡി +180)

മാംസം ധരിച്ച ദൈവമാണ് യേശുക്രിസ്തുവെന്ന് സാർദിസിലെ മെത്രാനായിരുന്ന മെലിറ്റോ തന്റെ വിഖ്യാതമായ പെസഹാരഹസ്യവിവരണത്തിൽ വ്യക്തമായി പഠിപ്പിച്ചു. ദൈവമായ യേശുവിനെ പീഡകളേല്പിച്ചതിനാലാണ് കാൽവരിയിൽ യേശുവിന്റെ മരണനേരത്ത് ഭൂമി അന്ധകാരപൂർണമായതെന്ന് അദ്ദേഹം വിശദീകരിക്കുന്നു. (പെരി പാസ്ക, 70–71).


യേശുക്രിസ്തു ദൈവമോ?
www.malankaralibrary.com



## 3.5 ലിയോൺസിലെ ഇരണേവൂസ് (എഡി 130–202)

അപ്പസ്തോലനായ യോഹന്നാന്റെ ശിഷ്യനായിരുന്ന പോളിക്കാർപ്പിന്റെ ശിഷ്യനായിരുന്നു ലിയോൺസിലെ മെത്രാനായിരുന്ന ഇരണേവൂസ്. ആദത്തിന്റെ സന്താനങ്ങളിൽ ഒരാൾ മാത്രമാണ് നിത്യനായ രാജാവ് എന്നും കർത്താവും ദൈവവുമായവനെന്നും വിളിക്കപ്പെട്ടതെന്നും ആ യേശുതന്നെയാണ് കർത്താവും ദൈവവും രക്ഷകനും രാജാവുമെന്നും ഇരണേവൂസ് പ്രസ്താവിക്കുന്നു.

## 3.6 തെർത്തുല്യൻ (എഡി 150–225)

ആദിമനൂറ്റാണ്ടിലെ പ്രശസ്തനായ വിശ്വാസപ്രബോധകനായിരുന്നു തെർത്തുല്യൻ. പാപമില്ലാത്ത ഒരേ ഒരുവൻ ദൈവമാണെന്നും പാപമില്ലാത്ത ഒരേ ഒരാൾ യേശുവായതിനാൽ യേശു ദൈവം തന്നെയാണെന്നും (ആത്മാവിനെക്കുറിച്ച്, 41) യേശുവിന്റെ ജനനത്തിൽ ദൈവ-മനുഷ്യസംഗമമുണ്ടായി എന്നും അദ്ദേഹം ഉദ്ബോധിപ്പിച്ചു (അപ്പോളൊജെറ്റിക്കൂസ്, 17).

## 3.7 റോമിലെ ഹിപ്പോളിറ്റസ് (എഡി 170–235)

അപ്പോസ്തോലനായ യോഹന്നാന്റെ ശിഷ്യനായിരുന്ന പോളികാർപ്പിന്റെ ശിഷ്യൻ ഇരണേവൂസിന്റെ ശിഷ്യനായിരുന്നു റോമിലെ ഹിപ്പോളിറ്റസ്. സ്വർഗത്തിൽനിന്ന് ഇറങ്ങിവന്ന വചനമായ ദൈവമാണ് യേശുവെന്നും അവിടന്ന് ഒരു ശരീരത്തിൽ ഇന്ദ്രിയഗോചരമാംവിധം വെളിപ്പെട്ടുവെന്നും ഹിപ്പോളിറ്റസ് പഠിപ്പിക്കുന്നു. “എല്ലാവരും, നീതിമാന്മാരും ദുഷ്ടരും ഒരുപോലെ, വചനമാകുന്ന ദൈവത്തിന്റെമുമ്പിൽ കൊണ്ടുവരപ്പെടും” (പ്ലേറ്റോയ്ക്കെതിരേ, 3) എന്നും അദ്ദേഹം കുറിച്ചിരിക്കുന്നു. ഏവരുടെയും ദൈവമായ ക്രിസ്തു പഴയമനുഷ്യനെ പുതുക്കി, മനുഷ്യകുലത്തിൽനിന്ന് പാപം കഴുകിക്കളയുന്നു (പാഷണ്ഡതാഖണ്ഡനം, 10,34). “നമ്മുടെ കർത്താവും ദൈവവുമായ യേശുക്രിസ്തുവിൽ” വിശ്വസിക്കുന്നവരെക്കുറിച്ച് അദ്ദേഹം ഫിലിപ്പിയക്കാർക്കുള്ള ലേഖനത്തിൽ പരാമർശിച്ചിരിക്കുന്നു (ഫിലി 12,2).



### 3.8 ഒരിജെൻ (എഡി 185–254)

സഭാപിതാവായിരുന്ന ഒരിജെന്റെ അഭിപ്രായത്തിൽ, യേശു മനുഷ്യരൂപമെടുത്തപ്പോഴും തന്റെ ദൈവത്വം യേശുവിന് ഇല്ലാതായില്ല. രക്ഷകനായ യേശുവിനെവചനമായ ദൈവമെന്നും ജ്ഞാനമെന്നും നീതിയെന്നും സത്യമെന്നും ഗണിക്കുമ്പോൾ നമ്മൾ വിവക്ഷിക്കുന്നത്, സർവവും അവനു കീഴ്പ്പെട്ടിരിക്കുന്നുവെന്നും സർവാധിപത്യം അവനിലാണെന്നുമാണ്. അവൻ തുടക്കമില്ലാത്തവനാണ്. അവന്റെ ഉദ്ഭവം നിത്യമാണ്. പിതാവിന്റെയും പുത്രന്റെയും സർവശക്തിത്വം ഒന്നുതന്നെയാണെന്ന കാര്യം എല്ലാവരും ഗ്രഹിക്കണമെന്നും ഒരിജെൻ പഠിപ്പിക്കുന്നു. ദൈവമെന്നനിലയിൽ യേശുവിനോടുള്ള പ്രാർഥനയെക്കുറിച്ചും അദ്ദേഹം പരാമർശിക്കുന്നു (പ്രാർഥനയെക്കുറിച്ച്, 10)

### 4. സൂനഹദോസുകൾ യേശുവിനെ ദൈവമാക്കിയോ?

നിഖ്യാസൂനഹദോസും (എഡി 325) കാൽസിഡോൺ സൂനഹദോസും (എഡി 451) ആണ് യേശുവിന്റെ ദൈവത്വത്തെക്കുറിച്ച് ഔദ്യോഗികമായി പ്രബോധനങ്ങൾ പുറപ്പെടുവിച്ചത്. ഈ കൗൺസിലുകളുടെ പശ്ചാത്തലവും പ്രബോധനങ്ങളും മനസ്സിലാക്കാൻ ശ്രമിക്കാം.

### 4.1 നിഖ്യാസൂനഹദോസ് (എഡി 325) എന്തിനുവേണ്ടിയായിരുന്നു?

ക്രിസ്തുവിന്റെ ദൈവത്വം സ്ഥാപിക്കുകയായിരുന്നില്ല സൂനഹദോസിന്റെ ലക്ഷ്യം. നിഖ്യാകൗൺസിൽ ചേരുന്നതിന് എത്രയോ നാളുകൾക്കുമുമ്പേ യേശുവിന്റെ ദൈവത്വത്തിലുള്ള വിശ്വാസം സഭയിൽ നിലനിന്നിരുന്നു! അപ്പസ്തോലപ്രബോധനങ്ങളിലും പുതിയനിയമത്തിലും സഭാപിതാക്കന്മാരുടെ സാക്ഷ്യങ്ങളിലും ക്രിസ്തുവിന്റെ ദൈവത്വം പട്ടാപ്പകൽപോലെ വ്യക്തമായിരിക്കേ, യേശു ദൈവമാണോ അല്ലയോ എന്നു ചർച്ചചെയ്യേണ്ട ആവശ്യം നാലാം നൂറ്റാണ്ടിൽ ഉണ്ടായിരുന്നില്ല.


www.malankaralibrary.com



## 4.1.1 നിഖ്യാസൂനഹദോസിന്റെ സാഹചര്യം

മൂന്നാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ പൊട്ടിമുളച്ച് നാലാം നൂറ്റാണ്ടിൽ കാര്യമായി വേരുപിടിച്ച ആര്യൻ പാഷണ്ഡത അറിയപ്പെടുന്നത് അലെക്സാണ്ട്രിയായിലെ ഒരു വൈദികനായിരുന്ന ആരിയൂസിന്റെ പേരിലാണ്. യഥാർഥത്തിൽ, അന്ത്യോക്യക്കാരനായ ലൂസിയൻ എന്ന വൈദികനാണ് ഈ ആശയത്തിന്റെ പ്രാരംഭകൻ. അദ്ദേഹത്തിന്റെ വീക്ഷണത്തിൽ, യേശു ദൈവത്തിന് സമനായ സൃഷ്ടിമാത്രമാണ്. വെറും സൃഷ്ടിമാത്രമായ ക്രിസ്തുവിനെ ദൈവപുത്രൻ എന്നു വിളിക്കുന്നത് അവിടന്നിൽ ലോഗോസിനെ അഥവാ വചനത്തെ പ്രതിഷ്ഠിച്ചിരിക്കുന്നതുകൊണ്ടാണ്. ആരിയൂസിന്റെ പഠനപ്രകാരം അനാദിയും ഏകനുമായ ദൈവം ഇല്ലായ്മയിൽനിന്ന് ആദ്യം ലോഗോസിനെ, അതായത് വചനത്തെ, സൃഷ്ടിച്ചു. തുടർന്ന് ഈ പ്രപഞ്ചം സൃഷ്ടിക്കാനായി ദൈവം തന്റെ ആദ്യസൃഷ്ടിയായ ഈ ലോഗോസിനെ ഉപകരണമാക്കി. അതുകൊണ്ട്, ലോഗോസ് പ്രപഞ്ചത്തെക്കാൾ മുമ്പുള്ളതാണ്, ശ്രേഷ്ഠവുമാണ്. ദൈവത്തിന്റെ ആദ്യ സൃഷ്ടിയും ദത്തുപുത്രനുമായ ക്രിസ്തുവിന് അധീനമാണ് പരിശുദ്ധാരൂപി.

എ.ഡി. 313-ലെ മിലാൻ വിളംബരത്തിലൂടെ ക്രിസ്തുമതത്തിന് സ്വാതന്ത്ര്യം പ്രഖ്യപിക്കുകയും അതിനെ റോമാസാമ്രാജ്യത്തിന്റെ ഔദ്യോഗികമതമായി പ്രഖ്യാപിക്കുകയും ചെയ്ത കോൺസ്റ്റന്റൈൻ ചക്രവർത്തിയുടെ നേതൃത്വത്തിലാണ് നിഖ്യാസൂനഹദോസ് വിളിച്ചുചേർക്കപ്പെട്ടത്. മതത്തിലുളവാകുന്ന പിളർപ്പ് രാഷ്ട്രീയമായ പിളർപ്പായി പരിണമിക്കുമെന്ന് തിരിച്ചറിഞ്ഞ റോമാചക്രവർത്തിയുടെ രാഷ്ട്രീയബലം സിനഡ് ഫലപ്രദമായി വിളിച്ചുകൂട്ടാൻ സഹായകമായി എന്നതിൽ തർക്കമില്ല.

## 4.1.2 നിഖ്യാകൗൺസിലിന്റെ പ്രബോധനം

ക്രിസ്തുവിന്റെ ദൈവത്വത്തെസംബന്ധിച്ച ആര്യൻ നിലപാടിന്റെ പശ്ചാത്തലത്തിൽ, സൂനഹദോസ് വ്യക്തതവരുത്തിയത് ഇങ്ങനെയാണ്: "ഏകനാഥനും ദൈവത്തിന്റെ ഏകജാതനും എല്ലാ യുഗങ്ങൾക്കുംമുമ്പ് പിതാവിൽനിന്ന് ജ



നിച്ചവനും ദൈവത്തിൽനിന്നുള്ള ദൈവവും പ്രകാശത്തിൽ നിന്നുള്ള പ്രകാശവും സത്യദൈവത്തിൽനിന്നുള്ള സത്യ ദൈവവും ജനിച്ചവനെങ്കിലും സൃഷ്ടിക്കപ്പെടാത്തവനും പിതാവുമായി സത്തയിൽ ഏകനുമായ യേശുക്രിസ്തുവി ലും ഞാൻ വിശ്വസിക്കുന്നു". ക്രിസ്തുവിനെക്കുറിച്ച് നി ഖ്യാസൂനഹദോസ് അസന്ദിഗ്ധമായി പ്രഖ്യാപിച്ചു: "അവൻ ഇല്ലാതിരുന്ന ഒരു സമയം ഉണ്ടായിരുന്നു എന്നോ, ഇല്ലായ്മ യിൽനിന്ന് ഉണ്ടായി എന്നോ, ദൈവപുത്രന് (പിതാവിന്റേ തിൽനിന്ന്) വ്യത്യസ്തമായ ഒരു സത്തയുണ്ടെന്നോ, അ വൻ സൃഷ്ടിക്കപ്പെട്ടവനാണെന്നോ, മാറ്റത്തിനോ പരിവർ ത്തനത്തിനോ വിധേയനാണെന്നോ പറയുന്നവരെ കത്തോ ലിക്കാസഭ ശപിക്കുന്നു".

ക്രിസ്തുവിന്റെ ദൈവത്വത്തെസംബന്ധിച്ച് മൂന്നു നൂറ്റാണ്ടു കളായുള്ള സഭയുടെ വിശ്വാസം പുതിയ സാഹചര്യത്തിൽ സമഗ്രതയോടും വ്യക്തതയോടുംകൂടെ ഉചിതമായ പദാവ ലികളുപയോഗിച്ച് പഠിപ്പിക്കുകയായിരുന്നു നിഖ്യാസൂനഹ ദോസ്.

## 4.2 കാൽസിഡോൺ സൂനഹദോസിൽ എന്താണ് സംഭവിച്ചത്?

ഇന്നത്തെ ടർക്കിയിലെ കാൽസിഡോൺ എന്ന പട്ടണ ത്തിൽ എഡി 451-ൽ കൂടിയ നാലാമത്തെ സാർവത്രിക സൂ നഹദോസ് യേശുവിന്റെ ദൈവത്വത്തെപ്പറ്റി കൂടുതൽ ദൃഢീ കൃതമായ ബോധ്യങ്ങളും വ്യക്തമായ സംവേദനഭാഷയും സഭയ്ക്ക് സമ്മാനിച്ചു.

### 4.2.1 നെസ്തോറിയനിസവും എവുത്തീക്കിയനിസവും

ക്രിസ്തുവിന്റെ മനുഷ്യസ്വഭാവത്തിന് ഊന്നൽകൊടുക്കു വാനുള്ള പരിശ്രമത്തിൽ ക്രിസ്തുവിന് ദൈവവ്യക്തിത്വംകൂ ടാതെ ഒരു മനുഷ്യവ്യക്തിത്വവും കൂടിയുണ്ടെന്നു പഠിപ്പിച്ച നെസ്തോറിയനിസം എന്ന പാഷണ്ഡതയും ക്രിസ്തുവി ന്റെ ദൈവസ്വഭാവത്തിൽ അവിടത്തെ മനുഷ്യസ്വഭാവം അ ലിഞ്ഞുചേർന്നിരിക്കുന്നു എന്നു വാദിച്ച ഏകസ്വഭാവവാദ വുമായിരുന്നു (എവുത്തീക്കിയനിസം) കാൽസിഡോൺ സൂനഹദോസ് വിളിച്ചുകൂട്ടാൻ ഇടയാക്കിയ പശ്ചാത്തലം.


യേശുക്രിസ്തു ദൈവമോ?
www.malankaralibrary.com



### 4.2.2 കാൽസിഡോൺ സൂനഹദോസിന്റെ പ്രബോധനങ്ങൾ

മേല്പറഞ്ഞ പാഷണ്ഡതകളെ ഈ കൗൺസിൽ ശപിച്ചുതള്ളുകയും നിഖ്യാ–കോൺസ്റ്റാന്റിനോപ്പിൾ വിശ്വാസപ്രമാണത്തിലേക്ക് "ഞങ്ങൾ ഏകജാതനായ ക്രിസ്തുവിനെഏറ്റുപറയുന്നു. അവിടത്തേക്ക് യാതൊരു തരത്തിലും വ്യത്യാസവും വേർതിരിവും ഇല്ലാത്ത രണ്ടു സ്വഭാവങ്ങളുണ്ടെന്ന് ഞങ്ങൾ മനസ്സിലാക്കുന്നു" എന്ന് കൂട്ടിച്ചേർക്കുകയും ചെയ്തു.

കാൽസിഡോൺ സൂനഹദോസ് അടിവരയിട്ടു പഠിപ്പിച്ച ക്രിസ്തുശാസ്ത്രപരമായ യാഥാർത്ഥ്യങ്ങൾ:

1) യേശുവിന് രണ്ടു സ്വഭാവങ്ങളുണ്ട് – ദൈവസ്വഭാവവും മനുഷ്യസ്വഭാവവും.

2) ഓരോ സ്വഭാവവും അതിൽത്തന്നെ പൂർണമാണ്. യേശു പൂർണമായും ദൈവവും മനുഷ്യനുമാണ്.

3) ഓരോ സ്വഭാവവും വ്യതിരിക്തമാണ്

4) യേശു ഒരേ ഒരു വ്യക്തിയാണ്

### 4.3 ആറാം നൂറ്റാണ്ടിൽ തലപൊക്കിയ നിയോ ആര്യനിസം

യേശുക്രിസ്തു ദൈവംതന്നെയാണ് എന്ന ഉത്തമബോധ്യമാണ് ക്രിസ്തുവിന്റെ ശിഷ്യന്മാർക്കും അപ്പസ്തോലിക പിൻഗാമികൾക്കും ഉണ്ടായിരുന്നത്. അല്ലാതെ, അസത്യവാദികളായ ചിലർ പറയുന്നതുപോലെ, ക്രിസ്തു ദൈവം അല്ലാ എന്ന് ഒരിക്കലും അപ്പസ്തോലന്മാരോ അപ്പസ്തോലിക പിൻഗാമികളോ പഠിപ്പിച്ചിട്ടില്ല. മൂന്നാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തോടെ യേശുക്രിസ്തുവിന്റെ ദൈവത്വത്തെ തള്ളിപ്പറഞ്ഞത് ആരിയൂസും അദ്ദേഹത്തിന്റെ പിൻഗാമികളുംമാത്രമാണ്. അതിനെ പാഷണ്ഡതയായി സഭമുഴുവൻ ചേർന്ന് തള്ളിക്കളഞ്ഞതുമാണ്. നിഖ്യാസൂനഹദോസിന്റെ ഇടപെടലിലൂടെ ശക്തി ചോർന്നുപോയ ആര്യൻ പാഷണ്ഡികൾ പിന്നീട് പല രീതികളിലും പിടിച്ചുകയറാൻ ശ്രമിച്ചെങ്കിലും ആത്യന്തികമായി പരാജയപ്പെട്ടു. പിന്നീട്, അറേബ്യൻ മരുഭൂമിയിലേക്ക് ഒളിച്ചോടേണ്ടിവന്ന ആ പാഷണ്ഡികളുടെ ദൈവദർശനവും ക്രിസ്തുസങ്കല്പവുമാണ് തുടർ



ന്ന് ഉദയം ചെയ്ത നവീനമതത്തിലും കാണുന്നത്. പ്രവാചകന്റെ മാതുലൻതന്നെ ഒരു ക്രൈസ്തവപുരോഹിതനായിരുന്നല്ലോ. പ്രവാചകമുദ്രയുടെ സൂചനനല്കി 12 വയസ്സുകാരനായ ബാലനെ പ്രവാചകചര്യയിലേക്ക് ആനയിച്ച ബഹീറ ആര്യൻ സന്ന്യാസിയായിരുന്നല്ലോ. ഖദീജബീവിയും ആര്യൻ ക്രിസ്ത്യാനിയായിരുന്നു എന്നതും ചരിത്രം. ആര്യൻ പാഷണ്ഡതയാണ് ഇസ്ലാംമതത്തിന്റെ ആവിർഭാവത്തിനു പിന്നിലുള്ള മുഖ്യശക്തി. അതുകൊണ്ടുതന്നെ സാരസൻമതം എന്നു തങ്ങൾ വിളിച്ചിരുന്ന ഈ പുതിയമതത്തെ ക്രൈസ്തവർ നൂറ്റാണ്ടുകളോളം ക്രിസ്തുമതത്തിലെ ഒരു പാഷണ്ഡതയായിമാത്രമേ കണ്ടിരുന്നുള്ളൂ എന്നതും ചരിത്രം.

യേശുവിന്റെ ദൈവത്വത്തെ തമസ്കരിച്ചുകാണിക്കാൻ ഇസ്ലാം എത്ര ശ്രമിച്ചാലും ആര്യൻ സ്വാധീനത്തിലൂടെ ഖുറാനിൽ തെളിഞ്ഞുനില്ക്കുന്ന യേശുക്രിസ്തുവിന്റെ അനന്യത അതിൽനിന്ന് മായിച്ചുകളയാനാവില്ല. മുഹമ്മദുനബിയെക്കാൾ കൂടുതൽ പ്രാവശ്യം ഈസാനബിയുടെ നാമം പരാമർശിക്കപ്പെടുന്നതും അദ്ദേഹത്തെക്കാൾ ഉന്നതമായ വിശേഷണങ്ങൾ ഈസായ്ക്കു നല്കിയിരിക്കുന്നതും എന്തുകൊണ്ടാണെന്ന് ബൗദ്ധികസത്യസന്ധത പുലർത്തുന്ന ആരെങ്കിലുമുണ്ടെങ്കിൽ പഠിക്കുകയും വ്യക്തമാക്കുകയും ചെയ്യട്ടെ.

## 5. യേശു ദൈവമാണെങ്കിൽ, പ്രാർഥിച്ചത് എന്തുകൊണ്ട്?

യേശു നിരന്തരം പ്രാർഥിച്ചതായി സുവിശേഷങ്ങൾ വ്യക്തമാക്കുന്നു (ലൂക്കാ 3,21; 6,12; 9,16.29; 22,32.39-46; 23,34-46; മത്താ 27,46; യോഹ 17). ഈ സവിശേഷതകൊണ്ട് വി. ലൂക്കായുടെ സുവിശേഷം വിളിക്കപ്പെടുന്നതുതന്നെ പ്രാർഥനയുടെ സുവിശേഷം എന്നാണ്.

പ്രാർഥന ദൈവത്തോടാണ് നടത്തേണ്ടതെന്നിരിക്കേ, യേശു പിതാവിനോടു പ്രാർഥിച്ചത് യേശു ദൈവമല്ല എന്നതിന്റെ തെളിവല്ലേ എന്നാണ് ചിലരുടെ ചോദ്യം. അല്ല എന്നതാണ് ഉത്തരം. ക്രിസ്തുവിന്റെ പ്രാർഥനയെക്കുറിച്ചുള്ള കാഴ്ചപ്പാട് എന്ത് എന്നു മനസ്സിലാക്കിയാലേ ഇതു വ്യക്ത



മാകൂ. ഈശോ പഠിപ്പിച്ച 'സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ' എന്ന പ്രാർഥന വ്യക്തമാക്കുംപോലെ പിതൃപുത്ര സ്നേഹത്തിന്റെയും ബന്ധത്തിന്റെയും ആഘോഷമാണ് യേശുവിന് പ്രാർഥന. 'പിതാവേ' എന്ന അഭിസംബോധനയോടെയുള്ള യേശുവിന്റെ പല പ്രാർഥനാസംഭാഷണങ്ങളും ബൈബിളിൽ രേഖപ്പെടുത്തിയിട്ടുമുണ്ടല്ലോ (മത്താ 11,25.26; 26,39.42; ലൂക്കാ 23,34.46; യോഹ 11,41; 12,27.28; 17,1.5.11.21.24.25). യേശുവിന്റെ അതിതീവ്രമായ ദൈവപുത്രാനുഭവനിമിഷങ്ങളായിരുന്നു പ്രാർഥനാനിമിഷങ്ങൾ.

മനുഷ്യർക്ക് പ്രാർഥനയ്ക്കുള്ള ഏറ്റവും സുന്ദരമായ മാതൃകകൂടിയാണ് പൂർണമനുഷ്യൻകൂടിയായ ഈശോമിശിഹാ. ക്രൈസ്തവപ്രാർഥന അടിസ്ഥാനപരമായി പിതൃ-പുത്രബന്ധത്തിന്റെ പ്രകാശനമാണ്. യജമാനന്റെ മുന്നിലുള്ള അടിമയുടെ തലകുനിക്കലല്ല. അത് പിതാവുമായി മക്കൾക്കുള്ള സ്നേഹസംഭാഷണമാണ്.

## 6. യേശു സ്വയം വിശേഷിപ്പിച്ചത് 'മനുഷ്യപുത്രൻ' എന്നല്ലേ, ദൈവപുത്രൻ എന്നല്ലല്ലോ?

യേശുവിന്റെ അഭിധാനങ്ങളിൽ ഏറെ ഉപയോഗിക്കപ്പെട്ടിട്ടുള്ള ഒന്നാണ് 'മനുഷ്യപുത്രൻ' എന്ന പ്രയോഗം. യേശുവിനെക്കുറിച്ചു പറയുമ്പോൾ അവിടത്തെ ദൈവത്വത്തെ നിഷേധിക്കുന്നവർപോലും അംഗീകരിക്കുന്ന ഒന്നാണ് യേശു മനുഷ്യപുത്രൻ ആണെന്നത്. എന്താണ് ഈ പ്രയോഗത്തിന്റെ അർഥം?

1. 'ബെൻ ആദാം' എന്ന ഹീബ്രുപദം ബൈബിളിൽ പലയിടത്തും മനുഷ്യന്റെ നിസ്സാരത സൂചിപ്പിക്കാൻ ഉപയോഗിക്കപ്പെട്ടിട്ടുണ്ട് (സംഖ്യ 23,19; ജോബ് 25,6; സങ്കീ 8,4; 12,8; 80,17; 144,3; 146,3; ജറെ 49,18).
2. അപ്പോക്കലിപ്റ്റിക് സാഹിത്യശൈലിയുള്ള എസക്കിയേലിന്റെ പുസ്തകത്തിൽ 93 പ്രാവശ്യം ഈ പദപ്രയോഗമുണ്ട്. അവിടെ ഒരിക്കൽപ്പോലും ഈ പദമുപയോഗിച്ച് എസക്കിയേൽ സ്വയം വിശേഷിപ്പിക്കുന്നില്ല. ദൈവമോ മാലാഖയോ മാത്രമേ എസക്കിയേലിനെ അങ്ങനെ വിളിക്കുന്നുള്ളൂ.



3. ദാനിയേലിന്റെ പുസ്തകത്തിൽ ഈ പ്രയോഗം രണ്ടു പ്രാവശ്യം കാണാം (7,13; 8,17). ഇതിൽ രണ്ടാമത്തേത് എസക്കിയേലിന്റെ ഗ്രന്ഥത്തിലെ പ്രയോഗംപോലെതന്നെയാണ്. എന്നാൽ ആദ്യത്തേത് തികച്ചും അതുല്യവും സവിശേഷതയാർന്നതുമാണ്: "ഇതാ, വാനമേഘങ്ങളോടുകൂടെ മനുഷ്യപുത്രനെപ്പോലെ ഒരുവൻ വരുന്നു. അവനെ പുരാതനനായവന്റെമുമ്പിൽ ആനയിച്ചു". ഇവിടെ ദൈവികാധികാരമുള്ള ഒരുവനെയാണ് 'മനുഷ്യപുത്രൻ' എന്നു വിശേഷിപ്പിച്ചിരിക്കുന്നത്. പലകാരണങ്ങളിൽനിന്നും അതു വ്യക്തമാണ്:

• പഴയനിയമത്തിൽ 'വാനമേഘങ്ങളിൽസഞ്ചരിക്കുന്നവൻ' ദൈവംമാത്രമാണ് (നിയ 33,26; സങ്കീ 104,3; ഏശ 19,1; നാഹും 1,3; cf. പുറ 14,24; 16,10; 19,9; 20,21; 24,16; 34,5; ലേവ്യ 16,2; സംഖ്യ 11,25; 12,5; നിയ 1,33; 5,22).

• "എല്ലാ ജനതകളും ജനപദങ്ങളും ഭാഷക്കാരും അവനെ സേവിക്കേണ്ടതിന് ആധിപത്യവും മഹത്ത്വവും രാജത്വവും" ലഭിച്ചവനാണ് അവൻ (ദാനി 7,14).

• "അവന്റെ ആധിപത്യം ശാശ്വതമാണ്; അത് ഒരിക്കലും ഇല്ലാതാവുകയില്ല" (7,14).

• "അവന്റെ രാജത്വം അനശ്വരമാണ്" (7,14).

4. പുതിയനിയമത്തിൽ യേശു തനിക്കുവേണ്ടി 78 പ്രാവശ്യം നടത്തുന്ന ഈ പദപ്രയോഗത്തിന് വിവിധ അർഥതലങ്ങളുണ്ട്:

• മനുഷ്യരോടുള്ള അവിടത്തെ സമ്പൂർണമായ താദാത്മ്യപ്പെടൽ അത് സൂചിപ്പിക്കുന്നുണ്ട്. തന്റെ പീഡാസഹനത്തോടും കുരിശുമരണത്തോടും (മർക്കോ 8,31; 9,31; 10,33) ബന്ധപ്പെടുത്തി ഈശോ ആ പ്രയോഗം നടത്തിയപ്പോൾ മനുഷ്യന്റെ ദൈന്യതയിൽ അങ്ങേയറ്റം മുങ്ങിത്താഴുന്ന ആ ഐക്യദാർഢ്യംതന്നെയാണ് വെളിവായത്.

• എന്നാൽ, യേശുവിന്റെ ദൈവത്വത്തിന്റെ പദമായും ഇത് പലയിടത്തും ഉപയോഗിക്കപ്പെട്ടിരിക്കുന്നു:

* തന്റെ ദൈവത്വം വ്യക്തമാക്കിയപ്പോൾ യേശു ഈ പദപ്രയോഗം നടത്തി (മർക്കോ 2,10).


യേശുക്രിസ്തു ദൈവമോ?
www.malankaralibrary.com



* തന്റെ വീണ്ടുംവരവിനെ സൂചിപ്പിക്കാനും യേശു ഈ അഭിധാനം ഉപയോഗിച്ചു (മത്താ 10,23; മർക്കോ 8,38; 13,26)

ചുരുക്കിപ്പറഞ്ഞാൽ, ദാനി 7,13 യേശുക്രിസ്തുവിന്റെ ദൈവത്വത്തെക്കുറിച്ചുള്ള പ്രവചനമാണ്. അത് യേശുക്രിസ്തുതന്നെ വെളിപ്പെടുത്തുകയും ചെയ്തു.

## 7. യേശു ദൈവമാണെങ്കിൽ എന്തുകൊണ്ടാണ് പിതാവിനെ 'എന്റെ ദൈവം' (യോഹ 20,17) എന്നു വിശേഷിപ്പിച്ചത്?

പിതാവിനെ യേശു ദൈവം എന്ന് വിളിക്കുന്നതുകൊണ്ട് യേശു ദൈവം അല്ലാതെ ആകുന്നില്ല. പിതാവിന്റെ ദൈവത്വത്തിന് പുത്രൻ സാക്ഷ്യംനല്കുന്നതുപോലെ പുത്രന്റെ ദൈവത്വത്തിന് പിതാവും പരിശുദ്ധാത്മാവും സാക്ഷ്യംനല്കുന്നുണ്ട്. പിതാവ് പുത്രനെ 'ദൈവമേ' എന്നു വിളിക്കുന്നതായി ഹെബ്രായർക്കുള്ള ലേഖനം 1,8-ൽ കാണുവാൻ സാധിക്കും. അതുപോലെതന്നെ യേശു കർത്താവാണെന്ന് ഏറ്റുപറയാൻ നമ്മെ സഹായിക്കുന്നത് പരിശുദ്ധാരൂപിയാണ് (1കോറി 12,3). പിതാവും പരിശുദ്ധാത്മാവും യേശുവിന്റെ ദൈവത്വത്തെ അംഗീകരിക്കുകയും സ്ഥിരീകരിക്കുകയും അതിന് സാക്ഷ്യംനല്കുകയും ചെയ്യുന്നത് യേശു ദൈവമായതുകൊണ്ടാണ്.

## 8. യേശു ദൈവമാണെങ്കിൽ, മരിച്ചത് എന്തുകൊണ്ട്? ദൈവം മരിക്കുമോ?

ഈ ചോദ്യത്തിനുള്ള ഉത്തരം **5.4**-ൽ 'ദാസനും പുത്രനും' എന്ന ശീർഷകത്തിൽ പറഞ്ഞവയോടു ബന്ധപ്പെട്ടതാണ്. ആമുഖമായി അതു വായിക്കുക.

പീഡാസഹനമരണങ്ങൾ യേശുവിന്റെമേൽ അപ്രതീക്ഷിതമായി വന്നുഭവിച്ചതല്ല. ദൈവപുത്രന്റെ മനുഷ്യാവതാരംതന്നെ ലോകരക്ഷാർത്ഥമുള്ള സഹനമരണങ്ങൾക്കുവേണ്ടിയായിരുന്നു. ഈശോമിശിഹാ സ്വമേധയാ ഏറ്റെടുത്തതാണ് പീഡാസഹനങ്ങൾ. പിതാവിന്റെ ഹിതം നിറവേറ്റുന്നതു തന്റെ ഭക്ഷണമായി കരുതിയ പുത്രൻ (യോഹ 4,34) ഹിതപ്രാപ്തിയുടെ പീഡാസഹനനിമിഷങ്ങളെ വിശേഷിപ്പിച്ചത് 'എന്റെ സമയം' (യോഹ 2,4; 12,23-27) എന്നാണ്.


www.malankaralibrary.com



“തിരിച്ചെടുക്കുന്നതിനുവേണ്ടി ഞാൻ ജീവൻ അർപ്പിക്കുന്നതിനാൽ പിതാവ് എന്നെ സ്നേഹിക്കുന്നു. ആരും എന്നിൽ നിന്ന് അതു പിടിച്ചെടുക്കുകയല്ല, ഞാൻ അതു സ്വമനസ്സാ സമർപ്പിക്കുകയാണ്. അതു സമർപ്പിക്കാനും തിരികെ എടുക്കാനും എനിക്കധികാരമുണ്ട്” (യോഹ 10,17.18) എന്ന വചനങ്ങൾ വ്യക്തമാക്കുന്നത് ഈശോയുടെ പീഡാസഹനമരണങ്ങൾ അവിടന്നു തിരഞ്ഞെടുത്തതാണെന്നാണ്. “ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കണം. സ്നേഹിതർക്കുവേണ്ടി ജീവൻ അർപ്പിക്കുന്നതിനെക്കാൾ വലിയ സ്നേഹം ഇല്ല” (യോഹ 15,12.13) എന്ന കല്പനയിലൂടെ യേശു തന്റെ മരണത്തെ സ്നേഹത്തിന്റെ ആഘോഷമായി നിർവചിക്കുകയായിരുന്നു. “ശുശ്രൂഷിക്കപ്പെടാനല്ല, ശുശ്രൂഷിക്കാനും അനേകരുടെ മോചനദ്രവ്യമായി സ്വജീവൻ കൊടുക്കാനും” വേണ്ടിയാണ് മനുഷ്യപുത്രൻ വന്നിരിക്കുന്നതെന്ന പ്രസ്താവനയും (മത്താ 20,28) ലോകത്തിനുവേണ്ടി മരിക്കാനുള്ള അവിടത്തെ സന്നദ്ധത വ്യക്തമാക്കുന്നു.

വി. ലൂക്കായുടെ സുവിശേഷത്തിൽ 9,51 മുതൽ 18,14 വരെ ചിത്രീകരിക്കുന്നത് ജറുസലേം ലക്ഷ്യമാക്കിയുള്ള യേശുവിന്റെ ഒരു നീണ്ട യാത്രയാണ്. “തന്റെ ആരോഹണത്തിന്റെ ദിവസങ്ങൾ പൂർത്തിയായിക്കൊണ്ടിരിക്കവേ, അവൻ ജറുസലെമിലേക്കു പോകാൻ ഉറച്ചു” (ലൂക്കാ 9,51) എന്ന ആമുഖം നല്കുന്ന സൂചന തന്റെ പീഡാസഹനങ്ങൾക്കായി ഈശോ സ്വമേധയാ ജറുസലേമിലേക്കു പോവുകയായിരുന്നു എന്നാണ്.

പീഡാസഹനനിമിഷങ്ങളിൽ പൂർണാധിപത്യം പുലർത്തുന്ന ഈശോയെയാണ് വി. യോഹന്നാൻ ശ്ലീഹാ തന്റെ സുവിശേഷത്തിൽ ചിത്രീകരിച്ചിരിക്കുന്നത്. തന്നെ അറസ്റ്റുചെയ്യാനെത്തിയ പടയാളികൾക്കുമുമ്പിൽ ദൈവമായി (*ഏഗോ എയ്മി*) സ്വയം വെളിപ്പെടുത്തിയവനാണ് അവിടന്ന് (യോഹ 18,6). ഉടൻ അവരെല്ലാം പിൻവലിഞ്ഞ് നിലംപതിച്ചുവെന്ന് അദ്ദേഹം കുറിച്ചുവച്ചിരിക്കുന്നതു ശ്രദ്ധിക്കുക. യുദ്ധം ജയിച്ച പടനായകനെപ്പോലെ, “എല്ലാം പൂർത്തിയായിരിക്കുന്നു” (യോഹ 19,30) എന്ന് വിജയശ്രീലാളിതനായി വിളിച്ചുപറഞ്ഞു മരിച്ചവനാണ് അവിടന്ന്.


www.malankaralibrary.com





## 8.1 മരണത്തിനുമപ്പുറം

മരണത്തിൽ യേശുവിന്റെ കഥ തീർന്നിരുന്നെങ്കിൽ യേശു ദൈവമാണെന്ന് വിശ്വസിക്കാനാവില്ലായിരുന്നു. എന്നാൽ, മരിച്ചവരിൽനിന്ന് മൂന്നാംനാൾ ഉയിർത്തെഴുന്നേറ്റ് താൻ ജീവന്റെ നാഥനാണെന്നും (വെളി 1,18.19) മരണത്തിനുമേൽ അധികാരമുള്ളവനാണെന്നും അവിടന്ന് തെളിയിച്ചു. യേശുവിന്റെ ഒഴിഞ്ഞ കല്ലറ അവിടത്തെ ദിവ്യത്വത്തിന്റെ നിതാന്തസ്മാരകമാണ്. മരണത്തിനുമേൽ ആധിപത്യംപുലർത്തിയ ജീവന്റെ നാഥൻ എല്ലാ മൃതരുടെയും പ്രതീക്ഷയും പ്രത്യാശയുമാണ്.

"യുഗാന്തംവരെ എന്നും ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും" (മത്താ 28,20) എന്ന ഉത്ഥിതന്റെ വാഗ്ദാനം "ദൈവം നമ്മോടുകൂടെ എന്നർഥമുള്ള ഇമ്മാനുവേൽ എന്ന് അവൻ വിളിക്കപ്പെടും" എന്ന ദൂതന്റെ സന്ദേശത്തിനും (മത്താ 1,22), അതിന് ഏഴു നൂറ്റാണ്ടുമുമ്പേയുള്ള ഏശയ്യായുടെ പ്രവചനത്തിനും (7,14) കിരീടമായിത്തീർന്നു. മാത്രമല്ല, "സ്വർഗത്തിലെയും ഭൂമിയിലെയും സകല അധികാരങ്ങളും" തനിക്കുള്ളതാണെന്ന് (മത്താ 28,20) പറയുകവഴി തന്റെ ദൈവത്വത്തെ യേശു പൂർണമായി വെളിപ്പെടുത്തുകയും പിതാവിന്റെ വലത്തുഭാഗത്ത് ഉപവിഷ്ടനാകുകയും (മർക്കോ 16,19) ചെയ്തു. ഏതെങ്കിലുമൊരു മാലാഖയ്ക്കോ പ്രവാചകനോ സ്വർഗത്തിന്റെ അധികാരിയാവാൻ സാധിക്കുമോ? ഒരിക്കലുമില്ല. സ്വർഗത്തിന്റെ അധികാരി ദൈവംമാത്രമാണ്.


www.malankaralibrary.com



# ചുരുക്കത്തിൽ

• താൻ ദൈവമാണെന്ന് ത്രിയേകദൈവംതന്നെ വെളിപ്പെടുത്തിയിരിക്കുന്നതിനാൽ നമ്മൾ വിശ്വസിക്കുന്നു – **യേശു ദൈവമാണ്.**

• താൻ ദൈവമാണെന്ന് യേശു പറഞ്ഞതിനാൽ നമ്മൾ വിശ്വസിക്കുന്നു – **യേശു ദൈവമാണ്.**

• യേശു ദൈവമാണെന്ന് അവിടത്തെ അപ്പസ്തോലന്മാർ പറഞ്ഞതിനാൽ നമ്മൾ വിശ്വസിക്കുന്നു – **യേശു ദൈവമാണ്.**

• യേശു ദൈവമാണെന്ന് വിശുദ്ധ ബൈബിൾ പഠിപ്പിക്കുന്നതിനാൽ നമ്മൾ വിശ്വസിക്കുന്നു – **യേശു ദൈവമാണ്.**

• യേശു ദൈവമാണെന്ന് നമ്മുടെ പൂർവികർ നമ്മെ പഠിപ്പിച്ചതിനാൽ നമ്മൾ വിശ്വസിക്കുന്നു – **യേശു ദൈവമാണ്.**

- അല്ലയോ വിശ്വാസീസമൂഹമേ, ക്രൈസ്തവവിശ്വാസം ഇല്ലാതാക്കുവാൻ സഭയുടെ ആരംഭകാലംമുതൽ ഇന്നോളം പലരും യത്നിച്ചിട്ടുണ്ട്. പാഷണ്ഡതകളാൽ ശ്വാസംമുട്ടിക്കാനും വിശ്വാസികളുടെയിടയിൽ കളകൾ വിതയ്ക്കാനും നിരന്തരം ശ്രമിച്ചിട്ടും, നമ്മുടെ വിശ്വാസം ഒരു പോറൽപോലും ഏല്ക്കാതെ ഇന്നും മാറ്റമില്ലാതെ നിലനില്ക്കുന്നത് അത് ദൈവത്തിൽനിന്നുള്ളതായതുകൊണ്ടു മാത്രമാണ്. നമ്മുടെ പൂർവികർ നമുക്ക് പകർന്നു തന്ന വിശ്വാസം കെടാതെ നമുക്ക് സൂക്ഷിക്കാം, വരുംതലമുറയ്ക്ക് പകർന്നുകൊടുക്കാം.


www.malankaralibrary.com

# JESUS IS
# YOUR LORD AND GOD



You are what you
**BELIEVE** in

www.malankaralibrary.com